VOL NO: 05 | ISSUE 44
www.nerpatham.com
mail@nerpatham.com
2021 NOVEMBER 06 | ₹12

# നേർപഥം

വാരിക

250ാം ലക്കം

# മാൻസ മൂസ: ഇരുണ്ട ഭൂഖണ്ഡത്തിന്റെ നവോത്ഥാന ശിൽപി

തങ്ങൾക്ക് ഹിതകരമല്ലാത്തതൊന്നും കാലത്തിന്റെ ചരിത്രപുസ്തകത്തിൽ ഇടംപിടിക്കരുതെന്ന് നിർബന്ധമുള്ളവരാണ് കൊളോണിയലിസ്റ്റുകൾ. നിരക്ഷരത കൊണ്ടും ദാരിദ്ര്യം കൊണ്ടും ഇരുണ്ട ഭൂഖണ്ഡമെന്ന് വിളിച്ചിരുന്ന ആഫ്രിക്കയെ പതിനാലാം നൂറ്റാണ്ടിന് ശേഷം സാമ്പത്തികമായും വൈജ്ഞാനികമായും ഉന്നതിയിലേക്ക് നയിച്ച മാൻസ മൂസയുടെ ചരിത്രവും ലോകം കാണാതെപോയത് അങ്ങനെയാണ്.

- വിദ്യാർഥികൾ ലക്ഷ്യബോധമുള്ളവരാകണം

- പ്രവാചക ചര്യകളും മുസ്‌ലിംകളും
- വിദ്യാർഥികൾ വീണ്ടും ക്യാമ്പസുകളിലേക്ക്
- ഇസ്‌ലാമിക വ്യക്തിത്വം: മദ്റസാ പഠനത്തിന്റെ പ്രതിഫലനങ്ങൾ

WISDOM ISLAMIC ORGANIZATION

Relief

.......without boundaries

SCAN AND PAY

Using any UPI/ Bharat QR/ Banking Apps

WISDOM

Pay using 90+ Apps including

Powered by AXIS BANK

# സ്നേഹസ്പർശം

## പ്രളയ ദുരിതാശ്വാസ നിധി



വീട് ശുചീകരണം | കിണർ ശുചീകരണം | സൗജന്യ വസ്ത്രാലയം | സൗജന്യ ഇലക്ട്രോണിക് വർക്ക് ഷോപ്പ്

വീട്ടുകളുടെ അറ്റകുറ്റ പണി | വീട്ടുപകരണ വിതരണം | വീട് നിർമാണം | സ്റ്റഡി മെറ്റീരിയൽ വിതരണം

താങ്കളുടെ വിഹിതം താഴെ കാണുന്ന എക്കൗണ്ട് നമ്പറിൽ അയക്കുകയും വിവരം താഴെ നമ്പറിൽ അറിയിക്കുകയും ചെയ്യുമല്ലോ?

Wisdom Islamic Organization
Account No: 920010022468211
Axis Bank, Branch: KALLAI ROAD
IFSC UTIB0001908

# 0250

# നേർപഥം

വാരിക

2021 നവംബർ 06

1442 റബിഉൽ ആഖിർ 01

പുസ്തകം 05 / ലക്കം 44

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly








**10**

## മാൻസ മൂസ: ഇരുണ്ട ഭൂഖണ്ഡത്തിന്റെ നവോത്ഥാന ശിൽപി

ഡോ. സബീൽ പട്ടാമ്പി

**05**
**മുഖമൊഴി**
വിദ്യാർഥികൾ ലക്ഷ്യബോധമുള്ളവരാകണം
എഡിറ്റർ

**06**
**പുനർവായന**
ഇസ്‌ലാം 'വാളിന്റെ തണലിൽ?'
പി. അഹ്മദ് കുട്ടി മൗലവി

**15**
**വിമർശനം**
ആദർശം പിൻപറ്റുന്നവരും അതിനെ എതിർക്കുന്നവരും
മൂസ സ്വലാഹി, കാര

**18**
**ലേഖനം**
പ്രവാചക ചര്യകളും മുസ്‌ലിംകളും
ദുൽക്കർഷാൻ അലനല്ലൂർ

**22**
**ക്വുർആൻ ദർശനം**
അന്നജ്മ് (നക്ഷത്രം)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**26**
**ചരിത്രപഥം**
ഗോത്രത്തെ നാടുകടത്തിയ സംഭവം
ഹുസൈൻ സലഫി, ഷാർജ

**30**
**ലേഖനം**
ഇസ്‌ലാമിക വ്യക്തിത്വം: മദ്‌റസാ പഠനത്തിന്റെ പ്രതിഫലനങ്ങൾ
ഡോ. ടി.കെ യൂസുഫ്

**34**
**നമുക്ക് ചുറ്റും**
വിദ്യാർഥികൾ വീണ്ടും ക്യാമ്പസുകളിലേക്ക്
ഷഹ്ബാസ് കെ. അബ്ബാസ്

ചലനങ്ങൾ

# വിസ്ഡം വിചാരവേദികൾക്ക് തുടക്കമായി

'പുതിയ പ്രഭാതത്തിലേക്ക് പുത്തൻ പ്രതീക്ഷകളോടെ' എന്ന പ്രമേയത്തെ ആസ്പദിച്ച് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വ്യാപകമായി ഏരിയാതലത്തിൽ സംഘടിപ്പിക്കുന്ന വിചാര വേദികൾക്ക് തുടക്കമായി.

ഒന്നാംഘട്ടം ഒക്ടോബർ 24ന് കണ്ണൂർ, തളിപ്പറമ്പ്, കൽപ്പറ്റ, കൊടുവള്ളി, തിരൂരങ്ങാടി, കോട്ടക്കൽ, മലപ്പുറം, മഞ്ചേരി, തൃശ്ശൂർ, ചാവക്കാട്, പെരുമ്പാവൂർ, കാക്കനാട് എന്നീ ഏരിയകളിൽ നടന്നു.

കോവിഡാനന്തരം സമൂഹത്തിൽ ഉണ്ടായ പ്രതിസന്ധികളും അതിനുള്ള പരിഹാരങ്ങളും സംഗമം ചർച്ച ചെയ്യും. ധാർമിക രംഗത്ത് ലോക്ക്ഡൗൺ കാലത്തുണ്ടായ പുതിയ പ്രവണതകൾ വിലയിരുത്തി ആവശ്യമായ മാർഗനിർദേശങ്ങൾ നൽകും.

പുതിയ പ്രഭാതം, അജയ്യമായ ആദർശം, നാം മുന്നോട്ട് തുടങ്ങിയ വിവിധ സെഷനുകൾ പ്രോഗ്രാമിന്റെ ഭാഗമാണ്. ഭാവി പ്രവർത്തന പദ്ധതികളുടെ സമർപ്പണവും സംഗമത്തിലുണ്ടാകും. ഓരോ സംഗമത്തിനും സംസ്ഥാന ഭാരവാഹികൾ നേരിട്ടാണ് നേതൃത്വം നൽകുന്നത്. ഒക്ടോബർ 31, നവംബർ 7 എന്നീ തീയതികളിൽ നടക്കാനിരിക്കുന്ന അടുത്ത രണ്ട് ഘട്ടങ്ങളോടെയാണ് വിചാരവേദി സമാപിക്കുക.

## വെറുപ്പ് പ്രചരിപ്പിക്കുന്നവർക്കെതിരെ സാമൂഹിക ഐക്യം ശക്തിപ്പെടുത്തണം: വിസ്ഡം വിചാരവേദി

കണ്ണൂർ: സമൂഹത്തിൽ വെറുപ്പും വിദ്വേഷവും പ്രചരിപ്പിക്കുന്നവർക്കെതിരെ സാമൂഹിക ഐക്യം ശക്തിപ്പെടുത്തണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കണ്ണൂർ ജഹർ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച വിചാരവേദി ഏരിയാ സംഗമത്തിന്റെ ജില്ലാതല ഉദ്ഘാടനം ആവശ്യപ്പെട്ടു.

സാഹോദര്യവും, മാനവിക മൂല്യങ്ങളുടെ പ്രചാരണവും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച് വരുന്ന 'വെറുപ്പിനെതിരെ സൗഹൃദ കേരളം' എന്ന സന്ദേശ പ്രചാരണത്തിന്റെ ഭാഗമായാണ് വിചാരവേദി സംഘടിപ്പിച്ചത്.

വിവിധ മതവിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന സാഹോദര്യം തകർക്കുവാനുള്ള ഗൂഢനീക്കങ്ങൾക്കെതിരെ ബഹുജന മുന്നേറ്റം ശക്തമാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാഹോദര്യ സന്ദേശം പ്രചരിപ്പിക്കുകയും, വെറുപ്പിനെതിരെയുള്ള മാനവിക ഐക്യം ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയും വേണം

'വെറുപ്പിനെതിരെ സൗഹൃദ കേരളം' ജില്ലാ സന്ദേശ പ്രചാരണം കണ്ണൂർ കോർപറേഷൻ മേയർ ടി.ഒ.മോഹനൻ ഉദ്ഘാടനം ചെയ്തു. വിസ്ഡം കണ്ണൂർ ജില്ലാ പ്രസിഡന്റ് നാസിർ സ്വലാഹി അധ്യക്ഷത വഹിച്ചു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് ഹാരിസ് കായക്കൊടി, സി.പി.സലീം, വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി അബ്ദുല്ല ഫാസിൽ, അക്രം വളപട്ടണം എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു സംസാരിച്ചു. അശ്റഫ് ഹാജി മയ്യിൽ, റഊഫ് കണ്ണൂർ, മുസ്തഫ എടയന്നൂർ, നൗഫൽ കണ്ണൂർ, അബ്ബാസ് ഹാമിദ് എന്നിവർ സംബന്ധിച്ചു

# വിദ്യാർഥികൾ ലക്ഷ്യബോധമുള്ളവരാകണം

വിദ്യാലയ മുറ്റത്തും ക്ലാസ്സ്മുറികളിലും നീണ്ട ഇടവേളക്കു ശേഷം വിദ്യാർഥികളുടെ പാദസ്പർശനം പതിഞ്ഞുതുടങ്ങിയിരിക്കുന്നു. രക്ഷിതാക്കളുടെയും കുട്ടികളുടെയും അധ്യാപകരുടെയുമൊക്കെ മനസ്സിൽ നേരിയ ആശങ്കയും ഭീതിയും ഇല്ലാതില്ല. വിദ്യാഭ്യാസ വകുപ്പ് ആശങ്കയകറ്റാൻ പരമാവധി ശ്രമിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന ഒന്നാം തീയതിതന്നെ സ്വകാര്യ ബസ്സുകളിൽ വിദ്യാർഥികളും മറ്റു യാത്രക്കാരും തിങ്ങിനിറഞ്ഞ് യാത്രചെയ്യുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. അങ്ങനെ യാത്രചെയ്ത് സ്കൂളിലെത്തുന്ന കുട്ടികൾ പിന്നെ ഒരു ബെഞ്ചിൽ അകലം പാലിച്ച് ഇരിക്കുന്നതിൽ എന്തു കാര്യമാണുള്ളത് എന്ന് ബസ്സിലിരിക്കുന്ന ഒരു യാത്രക്കാരൻ അടുത്തിരിക്കുന്നയാളോട് ചോദിക്കുന്നത് കേൾക്കാനായി. ആ ചോദ്യത്തിൽ കഴമ്പില്ലെന്ന് ആർക്കും പറയാനാകില്ല.

നല്ലതേ വരൂ എന്ന് നമുക്ക് സമാധാനിക്കാം. അതിനായി പ്രാർഥിക്കാം. കോവിഡ് പ്രതിസന്ധിഘട്ടത്തിലും കുട്ടികൾ കഴിവിന്റെ പരമാവധി ഓൺലൈനായി പഠിച്ചു. അതിനുള്ള സഹായങ്ങളും പിന്തുണയും രക്ഷിതാക്കൾ നൽകി. വിദ്യാലയങ്ങൾ തുറന്നു തുടങ്ങിയപ്പോൾ അങ്ങോട്ടു പറഞ്ഞയക്കാൻ രക്ഷിതാക്കൾ തയ്യാറാകുന്നു. ഇതെല്ലാം എന്തിന് എന്ന് ചോദിച്ചാൽ കിട്ടുന്ന ഉത്തരമെന്താണ്? മക്കളുടെ നല്ല ഭാവിക്ക്! നല്ല ഭാവികൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്? ഉയർന്ന ശമ്പളം ലഭിക്കുന്ന നല്ല ജോലി! അതിനപ്പുറം വല്ലതും? ഇല്ലേയില്ല. എന്റെ കുട്ടി നല്ല ഒരു മനുഷ്യനാകണം. സ്നേഹം, ദയ, കാരുണ്യം, വിട്ടുവീഴ്ച, സാഹോദര്യം, പരോപകാര മനസ്ഥിതി... തുടങ്ങിയ മാനുഷിക ഗുണങ്ങളെല്ലാം ഒത്തുചേർന്ന നല്ല ഒരു വ്യക്തിയായി എന്റെ കുട്ടി മാറണം. ഈയൊരു ചിന്തയിൽ മക്കളെ വളർത്തുകയും പഠിപ്പിക്കുകയും ചെയ്യുന്ന എത്ര രക്ഷിതാക്കളുണ്ട്?


ഏതാനും ദിവസങ്ങളായി ഒരു കോളേജിന്റെ പരിസരത്ത് ഒരു വിദ്യാർഥി സംഘടന സ്ഥാപിച്ച ബാനറുകൾ സമൂഹമാധ്യമങ്ങളിൽ വലിയ ചർച്ചാവിഷയമാണ്. തികച്ചും ആഭാസകരമായ ഫോട്ടോകളും അതിലേറെ മോശമായ സന്ദേശങ്ങളുമുള്ള ബാനറുകൾ അവർ സ്ഥാപിച്ചത് വിദ്യാർഥിസമൂഹത്തിന് നൽകുന്ന സന്ദേശമെന്താണ്? സ്വാതന്ത്ര്യത്തിന്റെയും പുരോഗമനത്തിന്റെയും പേരിൽ എന്തും ചെയ്തുകൂട്ടാമെന്ന ചിന്ത വിദ്യാസമ്പന്നർക്ക് യോജിച്ച കാര്യമാണോ?

നേരത്തെ സൂചിപ്പിച്ച ഗുണങ്ങളൊക്കെ ലഭിക്കുന്ന രൂപത്തിലാണോ നമ്മുടെ മക്കൾക്ക് ലഭിക്കുന്ന ഭൗതിക വിദ്യാഭ്യാസം? അങ്ങനെയുള്ളവരായി ഭാവിയുടെ വാഗ്ദാനമാകുന്ന വിദ്യാർഥികൾ വളരണം എന്ന ചിന്ത ഇവിടുത്തെ രാഷ്ട്രീയ പാർട്ടികൾക്കും നേതാക്കൾക്കുമുണ്ടോ? 'കാട്ടാളനെ മനുഷ്യനാക്കുക' എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന് ഏതോ മഹാൻ പറഞ്ഞതായി വായിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് അരങ്ങേറുന്ന ചില കാഴ്ചകൾ കാണുമ്പോൾ 'മനുഷ്യനെ കാട്ടാളനാക്കുക' എന്നതാണോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന് തോന്നിപ്പോകും പലപ്പോഴും!

വർഷംതോറും അനേകം എഞ്ചിനീയർമാരും ഡോക്ടർമാരും ഐ.ടി വിദഗ്ധരുമൊക്കെ പഠനം കഴിഞ്ഞ് രംഗത്തിറങ്ങുന്നു. ബിരുദവും ബിരുദാനന്തര ബിരുദവും ഡിപ്ലോമയും നേടി ആയിരങ്ങൾ പുറത്തിറങ്ങുന്നു. കണക്കും സയൻസും ചരിത്രവും സാമ്പത്തികശാസ്ത്രവും ഭൂമിശാസ്ത്രവുമൊക്കെ അരച്ചുകലക്കി കുടിക്കുന്നവർക്ക് മാനുഷികമൂല്യങ്ങളുടെ ഒരു ശകലം പോലും തങ്ങളുടെ പഠനകാലത്ത് കിട്ടുന്നില്ല എങ്കിൽ ഈ എന്തിനീ വിദ്യാഭ്യാസം? അറിവുള്ള നല്ല മനുഷ്യരായിത്തീരണം വിദ്യാർഥികൾ. അതായിരിക്കണം അവരുടെ പ്രധാന ലക്ഷ്യം.

പി. അഹ്മദ് കുട്ടി മൗലവി
mail@nerpatham.com





# ഇസ്‌ലാം 'വാളിന്റെ തണലിൽ?'


ഒട്ടേറെ തെറ്റിദ്ധരിക്കപ്പെട്ട ഒരു മതമാണ് ഇസ്‌ലാം. ഇസ്‌ലാം മതാവലംബികളായ മുസ്‌ലിംകളുടെ തന്നെ ചെയ്തികൾ ഇതിനു വളരെയേറെ പ്രേരകമായിട്ടുണ്ടെങ്കിലും ഇസ്‌ലാമിന്റെ ബദ്ധവൈരികളായ ചിലരുടെ ദുഷ്പ്രചാരണങ്ങളും സ്ഫടികസുന്ദരമായ ഇസ്‌ലാമിന്റെ മുഖത്ത് കരിവാരിത്തേക്കുവാൻ കാരണമായിട്ടുണ്ട്. ഈ വിഷയത്തിൽ പാശ്ചാത്യ ചിന്തകൻമാർക്കുള്ള പങ്ക് കുപ്രസിദ്ധമാണ്. മൂർച്ചയേറിയ ഖഡ്ഗമാണ് ഇസ്‌ലാമിന്റെ സാർവത്രിക വിജയത്തിനു കാരണമെന്നും രക്തപിപാസുക്കളായ മുസ്‌ലിംകൾ നടത്തിയ ജൈത്രയാത്രകളാണ് ഇസ്‌ലാമിന് സർവസ്വീകാര്യത നേടിക്കൊടുത്തതെന്നും അവർ ജൽപിക്കുന്നു. മതങ്ങൾ പൊതുവെ അപകടകരങ്ങളാണെന്ന അബദ്ധധാരണയും ഇസ്‌ലാമിനെ സംബന്ധിച്ച് പരിചിന്തനം ചെയ്യുന്നതിന് തടസ്സമായി നിന്നിട്ടുണ്ട്.

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഭാഷയിൽ 'ലോകത്തിലിതേവരെയുണ്ടായിട്ടുള്ള യുദ്ധങ്ങളിലും കലാപങ്ങളിലും ബഹുഭൂരിഭാഗത്തിന്റെയും കാരണം മതമാണ്'

Glimpses of world History എന്ന കൃതിയിൽ നെഹ്റു എഴുതുന്നു: "ജനങ്ങളെ മതപരിവർത്തനം ചെയ്യിക്കുവാനായി ശക്തിയും ഭീഷണിയും വഞ്ചനയും പ്രയോഗിക്കുന്ന വിഷയത്തിൽ അവർ തെല്ലും ശങ്കിച്ചിരുന്നില്ല. ചരിത്രമഖിലം മതശിക്ഷകളാലും കുരിശുയുദ്ധങ്ങളാലും' നിബിഡമാണ്. മിക്കവാറും ദൈവത്തിന്റെ പേരിലാണ് മറ്റുകാരണങ്ങളെക്കാളേറെ രക്തം ചിന്തപ്പെട്ടിട്ടുള്ളത്." മതങ്ങളെ സംബന്ധിച്ച് അഭിനവ ഭൗതികവാദികൾക്കുള്ള അഭിപ്രായമാണ് ജവഹർലാലിന്റെ ഭാഷയിലൂടെ പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നത്. രാജാവിനു ദിവ്യത്വം കൽപിച്ച് രാജകീയവാഴ്ചയ്ക്കു വേണ്ടി ധർമയുദ്ധങ്ങൾ സംഘടിപ്പിച്ച മതങ്ങൾ വിരളമല്ലെങ്കിലും ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം ഇത്തരം ആരോപണങ്ങൾ തികച്ചും അടിസ്ഥാനരഹിതമാണ്. പൗരസ്ത്യമതങ്ങളെപ്പറ്റി ആധികാരികഭാവേന ദുഷ്പ്രചരണങ്ങൾ നടത്തുന്ന പാശ്ചാത്യചിന്തകന്മാരുടെ കുലത്തൊഴിലാണിത്. The worlds living religions എന്ന കൃതിയിലൂടെ ജ്യോഫ്രേ പാരിൻഡർ ഇസ്‌ലാമിന്റെ മുഖത്തെ ആവോളം കരി വാരിത്തേച്ച് മതിവരാതെ തുടരുന്നു: "ഇസ്‌ലാമികാദർശങ്ങൾ പ്രചരിപ്പിക്കുവാനുള്ള ശക്തിപ്രയോഗം പരിശുദ്ധയുദ്ധ(ജിഹാദ്)ത്തിനുള്ള ഉദയം നൽകി മുസ്‌ലിം സൈന്യങ്ങൾ മുഖേനയാണ് ഇസ്‌ലാം മതത്തിനു വമ്പിച്ച വിജയം കൈവന്നത്."

ദുരുപദിഷ്ടിതമായ ഇത്തരം വിചിത്രവാദങ്ങൾ ഇസ്‌ലാമിനോടുള്ള ശത്രുതയുടെ പ്രത്യക്ഷോദാഹരണങ്ങളാണ്. 'കണ്ണു ചിമ്മി ഇരുട്ടാക്കാനുള്ള' വൃഥാശ്രമം എന്നതിൽക്കവിഞ്ഞ യാതൊരു പ്രയോജനവും ഇതുകൊണ്ടുണ്ടാവുകയില്ല. സ്വന്തം വിശ്വാസാദർശങ്ങൾ മറ്റുള്ളവരിലടിച്ചേൽപിക്കുവാൻ ഖഡ്ഗമേന്തുകയെന്നത് ഇസ്‌ലാമിന്റെ പ്രഖ്യാപിത സിദ്ധാന്തങ്ങൾക്കു കടകവിരുദ്ധമാണെന്നു ക്വുർആൻ വ്യക്തമാക്കുന്നു. 'മതത്തിൽ നിർബന്ധിക്കലില്ല' എന്നതു മാത്രം മതി ഉദാഹരണത്തിന്. മുറപ്രകാരമുള്ള സമാധാനപൂർണമായ പ്രചരണത്തിലൂടെ ഇസ്‌ലാമികപ്രസ്ഥാനത്തെ ലോകത്തിനു പരിചയപ്പെടുത്തുകയാണ് മുസ്‌ലിംകളുടെ ദൗത്യം. 'വ്യക്തമായ പ്രബോധനം മുസ്‌ലിംകളുടെ ഉത്തരവാദിത്തം' എന്ന് ക്വുർആൻ മുസ്‌ലിം സമുദായത്തെ തെര്യപ്പെടുത്തുന്നതിൽനിന്നും ഈ യാഥാർഥ്യം സുവ്യക്തമാണ്.


പക്ഷേ, ഒരു സംശയം, ഇസ്‌ലാമിക ആധിപത്യകാലത്ത് പ്രവാചകരും അനുയായികളും നടത്തിയ സമരങ്ങൾ എന്തുദ്ദേശത്തെ മുൻനിറുത്തിയായിരുന്നു? ആധുനികയുഗത്തിലെ ജനാധിപത്യത്തിന്റെ ഉപ ജ്ഞാതാക്കൾ എന്നഭിമാനിക്കുന്നവരിൽപ്പോലും ഈ സംശയം ഉന്നയിക്കുന്നവരുണ്ട്. ഇസ്‌ലാമിക വിദ്വേഷദൂഷിതമായ അഹന്തയാണു ചിലരെയൊക്കെയങ്ങിനെ പറയിപ്പിക്കുന്നതെങ്കിൽ ഇസ്‌ലാമിക പ്രവർത്തന ചരിത്രത്തെപ്പറ്റിയുള്ള പരിപൂർണമായ അജ്ഞതയാണ് മറ്റു പലർക്കും പ്രേരകം. ചിന്തിക്കുവാനുംവിശ്വസിക്കുവാനും തദനുസരണം പ്രവത്തനങ്ങൾ സംഘടിപ്പിക്കുവാനുമുള്ള മനുഷ്യന്റെ മൗലികാവകാശം മുമ്പുമുതൽക്കെ ലോകം അംഗീകരിച്ചതാണ്. മനുഷ്യന്റെ ഈ പ്രാഥമികാവകാശധ്വംസനം ഒരിടത്തുമുള്ള മനുഷ്യനും പൊറുക്കുകയില്ല. കഴിഞ്ഞ ഒന്നുരണ്ടു ശതകങ്ങളിലെ ലോകവിപ്ലവങ്ങളിലധികവും തദാവശ്യാർഥമാണു നടത്തപ്പെട്ടത്. ജനാധിപത്യത്തിന്റെ ചിങ്ങപ്പുലരിയായ ഇരുപതാംനൂറ്റാണ്ടിൽമനുഷ്യന്റെ മൗലികാവകാശ സ്വാതന്ത്ര്യത്തെ സംബന്ധിച്ച് എന്തു പറയുന്നതും അധികപ്രസംഗമാണ്. അങ്ങെവിടെയോ ഒരോണംകേറാമൂലയിലുള്ള അപരനായ മനുഷ്യൻ നടത്തുന്ന ചിന്താസ്വാതന്ത്ര്യസമരത്തിനുവേണ്ടി ഇങ്ങിവിടെയുള്ള സ്വാതന്ത്ര്യപ്രേമി സർവവിധ സഹായവാഗ്ദാനവുമായി കുതിക്കുകയാണിന്ന്. മൗലികാവകാശവാദത്തിനുവേണ്ടി സമരം നടത്തുന്ന സമുദായങ്ങൾക്കുവേണ്ടി



പരസ്യമായി പടവെട്ടാൻപോലും 'പരിഷ്കൃത' രാഷ്ട്രങ്ങൾ സന്നദ്ധമാണ്. ജീവിക്കുന്ന തലമുറകളുടെ ചിന്താസ്വാതന്ത്ര്യത്തിനു വേണ്ടി വാദിക്കുക മാത്രമല്ല, ചരിത്രത്തിന്റെ ഇരുളിൽ പ്രകൃതാശയത്തെ ചുറ്റിപ്പറ്റിക്കൊണ്ടുള്ള അഭിവാഞ്ജയെ ചിക്കിച്ചികഞ്ഞു പ്രകീർത്തിക്കുകയാണ് ഇന്നത്തെ പതിവ്. ഇതൊക്കെ പറഞ്ഞുകൊണ്ടുവരുന്നത് മറ്റൊന്നിനുവേണ്ടിയാണ്. സർവാംഗീകൃതമായ മൗലികാവകാശ സംരക്ഷണം ഇസ്‌ലാമിനോട് അനുബന്ധിപ്പിക്കുമ്പോൾ മാത്രം അതു കിരാതമായിത്തീരുന്നു. ഇന്നു പരക്കെ പൂവിട്ടു പൂജിക്കപ്പെടുന്ന ഈയാശയം കൈകാര്യം ചെയ്തപ്പോൾ, ഇസ്‌ലാം മാത്രം എങ്ങനെ കൊലപ്പുള്ളിയും സംഹാരരുദ്രനുമായിത്തർന്നുവെന്നതു മനസ്സിലാവുന്നില്ല. മനുഷ്യന്റെ മൗലികാവകാശത്തിനു വേണ്ടി ഇസ്‌ലാം വിട്ടുവീഴ്ചയില്ലാതെ പരിശ്രമിച്ചുവെന്നതായിരിക്കാം ഇസ്‌ലാം ചെയ്ത തെറ്റ്!

എന്നാൽ പ്രസ്ഥാനങ്ങളെ സംബന്ധിച്ച അജ്ഞതയാണ് ഈയാരോപണത്തിനു കാരണം. ഒരാദർശപ്രസ്ഥാനത്തിന് ഒരിക്കലും ഒരിടത്തു കെട്ടിക്കിടക്കുക സാധ്യമല്ല. ഇസ്‌ലാമിനെ സംബന്ധിടത്തോളം നൂറ് ശതമാനവും അതാണ് ശരി. ഇസ്‌ലാമികാദർശങ്ങൾ കുന്നും കുഴിയും താണ്ടിക്കൊണ്ട് വിശാലവിസ്തൃതമായ മനുഷ്യമരുഭൂമിയിൽ പരന്നൊലിക്കുവാൻ വെമ്പൽ കൊള്ളുന്നു. ജീവിതത്തിൽ മോക്ഷവും രക്ഷയും കാംക്ഷിക്കുന്ന മനുഷ്യന്, ഇസ്‌ലാമിനെ പുണരുവാനുള്ള അവസരം നിഷേധിക്കുന്നത് മൗലികാവകാശ ധ്വംസനമെന്നതിനെക്കാളേറെ ഗൗരവമാണ്. ഇസ്‌ലാമികദൃഷ്ട്യാ, ഇസ്‌ലാമികാദർശം പരന്നൊലിക്കുമ്പോൾ അതിന്റെ പ്രവാഹത്തെ കെട്ടിനിർത്തുന്ന മനുഷ്യത്വവിരുദ്ധ ശക്തികളെ ഇസ്‌ലാം നിഷ്കരുണം നേരിടാൻ ഇതാണു കാരണം. ഈയാവശ്യാർഥം ആയുധപാണിയായ അശ്വാരൂഢനെപ്പോലെ ഝംഝനാരവം മുഴക്കിക്കൊണ്ടു കബന്ധങ്ങളെ കുന്നുകൂട്ടുകയായിരുന്നില്ല ഇസ്‌ലാം, മറിച്ച് ലോകത്തെങ്ങുമുള്ള മനുഷ്യന്റെ ചിന്തിക്കാനും വിശ്വസിക്കാനുമുള്ള ജന്മാവകാശത്തെ ധ്വംസിച്ച പ്രതിലോമശക്തികളെ മനുഷ്യത്വവികാസമേഖലയിൽനിന്നും പിടിച്ചുമാറ്റുകയായിരുന്നു എന്നു ചുരുക്കം.

ഖിലാഫതുർറാശിദയുടെ കാലത്ത് ഇസ്‌ലാമിനെ സമരത്തിനു നിർബന്ധിച്ച, അഥവാ ഇസ്‌ലാം എക്കാലത്തും അനിവാര്യമായിക്കരുതുന്ന സമരകാരണങ്ങളാണു മുകളിൽ പറഞ്ഞത്. എന്നാൽ ഇസ്‌ലാമിക ചരിത്രത്തിലെ ചില യുദ്ധങ്ങൾ -പ്രവാചകന്റെ കാലത്തുണ്ടായവ വിശേഷിച്ചും-തികച്ചും വ്യത്യസ്തമായൊരുദ്ദേശത്തെ മുൻനിറുത്തിയായിരുന്നു. ഇസ്‌ലാമിക സൊസൈറ്റിയുടെ സംരക്ഷണത്തിനുവേണ്ടിയുള്ള പ്രതിരോധ നടപടികളായിരുന്നു അവ. ഇസ്‌ലാമിന്റെ പ്രാരംഭകാല ചരിത്രത്തിൽനിന്നും വ്യക്തമാണ് ഈയാഥാർഥ്യം. പ്രവാചകർക്കും അനുയായികൾക്കും നിരവധി പരീക്ഷണങ്ങളെ നേരിടേണ്ടി വന്നു. അക്കാലത്ത് കുടിക്കാനുള്ള വെള്ളം പോലും അവർക്ക് തടയപ്പെട്ടു. ശത്രുപക്ഷത്തിന്റെ നാനാവിധേനയുള്ള മർദന പീഡനങ്ങൾക്കവർ വിധേയരായി. ജീവനും സ്വത്തിനും നിർഭയത്വം നഷ്ടപ്പെട്ടു. നാട്ടിലെ പൗരത്വവും വിലയേറിയ സമ്പത്തും കയ്യൊഴിച്ചുകൊണ്ടു മദീനയിലേക്ക് പലായനം ചെയ്യാൻ പോലും അവർ നിർബന്ധിതരായി. ചുരുക്കത്തിൽ മദീനയിൽ അവർ അഭയാർഥികളെപ്പോലെയാണ് കഴിഞ്ഞുകൂടിയത്. ജീവിതം അങ്ങേയറ്റം ദുഷ്കരമായ ഈ സന്ദിഗ്ധഘട്ടത്തിലും ശത്രുക്കൾ നബിയെയും



അനുചരന്മാരെയും വെറുതെവിട്ടില്ല. അവർ നാനാവിധേനയും മുസ്‌ലിംകളെ ഉപദ്രവിച്ചുകൊണ്ടിരുന്നു. മാത്രമല്ല, അയൽരാജ്യങ്ങളിൽ പലതും ഇത്തരുണത്തിൽ ഇസ്‌ലാമിക രാഷ്ട്രത്തിനു അങ്ങേയറ്റം ഭീഷണിയുണ്ടാക്കിയിരുന്നുവെന്നതു പ്രത്യേകം പ്രസ്താവ്യമാണ്. മുസ്‌ലിം സൊസൈറ്റിയെ മുച്ചൂടും നശിപ്പിക്കുവാൻ സർവവിധ യുദ്ധസന്നാഹങ്ങളും സജ്ജമാക്കി ബദ്ധകങ്കണരായി നിൽക്കുകയായിരുന്നു ആ രാജ്യങ്ങൾ.

അൽപം ആലോചിക്കുക, ഇത്തരം ഒരു പരിതോവസ്ഥയിൽ ആണ് ഒരു സൊസൈറ്റി ആത്മരക്ഷാർഥവും പ്രബോധനമാർഗത്തിലെ തടസ്സങ്ങൾ നീക്കാനുമായി ആയുധങ്ങളണിയുന്നതെങ്കിൽ അത് അധിക്ഷേപാർഹമാണോ? യുദ്ധം അനിവാര്യമായ സാഹചര്യങ്ങളെ വിശകലനം ചെയ്തുകൊണ്ട് ക്വുർആൻ പറയുന്നു: "(സത്യനിഷേധികളാൽ) അക്രമിക്കപ്പെട്ടതു കാരണം യുദ്ധം ചെയ്യപ്പെടുന്ന (സത്യവിശ്വാസികൾക്ക് പ്രത്യാക്രമണത്തിന്) അനുവാദം നൽകപ്പെട്ടിരിക്കുന്നു. നിശ്ചയം, അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവനത്രെ" (ഹജ്ജ്). ഈ യാഥാർഥ്യം മുമ്പിൽ വെച്ചുകൊണ്ട് ഇസ്‌ലാമിക ചരിത്രം അപഗ്രഥിക്കുന്നതായാൽ തിരുമേനിﷺയുടെയും ഖുലഫാഉർറാശിദുകളുടെയും കാലത്തുണ്ടായ യുദ്ധങ്ങളത്രയും ഇതേ അടിസ്ഥാനബിന്ദുവിൽനിന്നുകൊണ്ടായിരുന്നുവെന്നു കാണാൻ പ്രയാസമില്ല.

മുസ്‌ലിംകളുടെ ഭൗതികവും സൈനികവുമായ ശക്തികൊണ്ടാണു ഇസ്‌ലാം വിജയിച്ചതെന്ന ജ്യോഫ്രേ പാരിൻഡറെപ്പോലുള്ളവരുടെ വാദം സ്വയംകൃതിപ്പാണെന്നു വ്യക്തമാണ്. തിരുമേനിﷺ സത്യപ്രബോധനവുമായി ജനതാമധ്യേ എഴുന്നേറ്റു നിൽക്കുമ്പോൾ അദ്ദേഹം ഏകനായിരുന്നു. തുടർന്നുള്ള പതിമൂന്നുകൊല്ലത്തെ മക്കാജീവിതത്തിൽ വിരൽകൊണ്ടെണ്ണാവുന്ന വ്യക്തികൾ മാത്രമെ അദ്ദേഹത്തിൽ വിശ്വസിച്ചിട്ടുണ്ടായിരുന്നുള്ളൂ. ആ കാലഘട്ടത്തിൽ അധികാരവും ആയുധവുമൊക്കെ മറുപക്ഷത്തായിരുന്നു. അദ്ദേഹത്തെയും പാർട്ടിയെയും ഉന്മൂലനം ചെയ്യുവാൻ അവർക്കു പ്രയാസമുണ്ടായിരുന്നില്ല. എല്ലാവിധ അക്രമ മർദനങ്ങളും അവരഴിച്ചുവിട്ടു. പക്ഷേ, ഒരുനിമിഷം പോലും അദ്ദേഹത്തെ പ്രബോധന കൃത്യത്തിൽ നിന്നും തടഞ്ഞുനിർത്തുവാൻ അവർക്കു സാധിച്ചില്ല. അമാനുഷികമായ ഒരു ദിവ്യശക്തിയിലുള്ള വിശ്വാസം അദ്ദേഹത്തിനു മനക്കരുത്തും ആത്മധൈര്യവും നൽകിക്കൊണ്ടിരുന്നു.

ശക്തിപ്രഭാവം ഒരിക്കലും ഇസ്‌ലാമിക വിജയത്തിന്റെ മാനദണ്ഡമായിരുന്നില്ല. മുന്നൂറ്റിപ്പതിനാലു സൈനികർ മാത്രമുള്ളപ്പോൾ ആയിരത്തോളംവരുന്ന ശത്രുസൈന്യത്തെ ബദ്റിൽവെച്ചു മുസ്‌ലിംകൾ പരാജയപ്പെടുത്തി. അതേയവസരത്തിൽ പന്തീരായിരം സൈനികർ അണിനിരന്ന ഹുനൈൻ പോർക്കളത്തിൽ നാലായിരം വരുന്ന ശത്രുസൈന്യത്തിന്റെ മുമ്പിൽ പ്രാരംഭത്തിൽ പരാജയപ്പെടുകയും ചെയ്തു. ഇതുപോലത്തെ നിരവധി ഉദാഹരണങ്ങളുണ്ട് പറയാൻ. ശക്തിപ്രാബല്യം കൊണ്ടല്ല ഇസ്‌ലാം ദിക്കുകളെ ജയിച്ചടക്കിയതെന്നു ചുരുക്കം.



മതത്തിന്റെ പേരിലാണു മറ്റേതിനെക്കാളും കൂടുതൽ ചരിത്രത്തിൽ രക്തം ചിന്തപ്പെട്ടിട്ടുള്ളത് എന്ന മതവിരോധികളുടെ വാദം ചരിത്ര യാഥാർഥ്യങ്ങളോട് ചെയ്യുന്ന കടുത്ത അനീതിയാണ്. മനുഷ്യചരിത്രത്തിലെ ഇതര ഘടകങ്ങൾ സൃഷ്ടിച്ചുവിട്ട കൊടുംക്രൂരതകളെ മറച്ചുപിടിക്കാനുള്ള വെറുമൊരു ചെപ്പടിവിദ്യ മാത്രമാണിത്. മനുഷ്യത്വത്തെ പിടിച്ചുകുലുക്കിയ അതിഘോരങ്ങളായ സംഭവങ്ങൾകൊണ്ട് നിബിഡമാണ് മനുഷ്യചരിത്രം. അവക്കൊന്നുംതന്നെ മതവുമായി വിദൂരബന്ധം പോലുമില്ല. വർണം, ദേശം, പ്രത്യയശാസ്ത്രം മുതലായ ഘടകങ്ങളാണിതിനുത്തരവാദി.

**(തുടരും)**

**(സൽസബീൽ ത്രൈമാസിക, 1971 ഓഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം)**



ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com

കവർ സ്റ്റോറി

# മാൻസ മൂസ: ഇരുണ്ട ഭൂഖണ്ഡത്തിന്റെ നവോത്ഥാന ശിൽപി

**തങ്ങൾക്ക് ഹിതകരമല്ലാത്തതൊന്നും കാലത്തിന്റെ ചരിത്രപുസ്തകത്തിൽ ഇടംപിടിക്കരുതെന്ന് നിർബന്ധമുള്ളവരാണ് കൊളോണിയലിസ്റ്റുകൾ. നിരക്ഷരത കൊണ്ടും ദാരിദ്ര്യം കൊണ്ടും ഇരുണ്ട ഭൂഖണ്ഡമെന്ന് വിളിച്ചിരുന്ന ആഫ്രിക്കയെ പതിനാലാം നൂറ്റാണ്ടിന് ശേഷം സാമ്പത്തികമായും വൈജ്ഞാനികമായും ഉന്നതിയിലേക്ക് നയിച്ച മാൻസ മൂസയുടെ ചരിത്രവും ലോകം കാണാതെപോയത് അങ്ങനെയാണ്.**

'ഇരുണ്ട ഭൂഖണ്ഡം' (Dark continent) എന്നാണു ചരിത്രത്തിൽ ആഫ്രിക്ക അറിയപ്പെടുന്നത്. ആഫ്രിക്കക്ക് ഇങ്ങനെ പേരു വരാൻ പല കാരണങ്ങളുണ്ട്. ഒന്നാമത്തെ കാരണം 14ാം നൂറ്റാണ്ടുവരെ ആഫ്രിക്കയെ കുറിച്ച് പുറംലോകത്തിനു കാര്യമായ വിവരമൊന്നും ലഭ്യമായിരുന്നില്ല എന്നതാണ്. രണ്ടാമത്തെ കാരണം ചരിത്രത്തിൽ വലിയൊരു കാലയളവോളം ആഫ്രിക്കൻ ജനത സാംസ്കാരികമായി 'ഇരുട്ടിലായിരുന്നു'

എന്നതുമാണ്. എന്നാൽ 14ാം നൂറ്റാണ്ടിനുശേഷം ആഫ്രിക്കയുടെ ചരിത്രത്തിന്റെ ഗതി മാറുകയായിരുന്നു. ആഫ്രിക്കൻ രാജ്യമായ മാലിയുടെ രാജാവായിരുന്ന 'മാൻസ മൂസ' ആയിരുന്നു ഈ ചരിത്ര മാറ്റത്തിന്റെ പതാകവാഹകൻ എന്ന് വേണമെങ്കിൽ പറയാം. മാൻസ മൂസയെ ചരിത്രം രേഖപ്പെടുത്തുന്നത് മൂന്നു നിലയ്ക്കാണ്:

(1) ആഫ്രിക്കൻ രാജ്യമായ മാലിയിലെ രാജാവ് എന്ന നിലയിൽ.

(2) അക്കാലത്ത് ജീവിച്ചിരുന്ന ലോകത്തെ ഏറ്റവും വലിയ സമ്പന്നൻ എന്ന നിലയിൽ.

(3) ആഫ്രിക്കയിൽ, പ്രത്യേകിച്ച് മാലിയിൽ ഇസ്‌ലാമികമായ ഒരു 'നവജാഗരണത്തിനു' കാരണക്കാരൻ എന്ന നിലയിൽ.

മാൻസ ഭരണകൂടത്തെക്കുറിച്ചുള്ള ചരിത്രരേഖകൾ വളരെ കുറവാണ്. അതിനുള്ള കാരണം അക്കാലത്തെ ആഫ്രിക്കൻ ജനത ചരിത്രം എഴുതിവെച്ചിരുന്നില്ല എന്നതും പുറംരാജ്യങ്ങളിലുള്ളവർ ആ നാടിനെക്കുറിച്ച് ബോധവാന്മാരായിരുന്നില്ല എന്നതുമാണ്. ഇവരെക്കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തി വെച്ചവരിൽ പ്രധാനികൾ രണ്ട് മുസ്‌ലിം എഴുത്തുകാരാണ്. 14ാം നൂറ്റാണ്ടിൽ ജീവിച്ച ചരിത്രകാരൻ ഇബ്നു ഖൽദൂനും 14ാം നൂറ്റാണ്ടിൽ ജീവിച്ച യാത്രികൻ ഇബ്നു ബത്തൂത്തയുമാണ് അവർ.

## മാൻസ മൂസ: മധ്യകാലഘട്ടത്തിലെ ഏറ്റവും സമ്പന്നനായ രാജാവ്

'മാൻസ' എന്നത് മാലിയിലെ രാജാക്കന്മാരുടെ സ്ഥാനപ്പേരായിരുന്നു; 'മൂസ' എന്നത് വ്യക്തിനാമവും. മൂസക്ക് മുമ്പും നിരവധിപേർ 'മാൻസ' സ്ഥാനം അലങ്കരിച്ചിട്ടുണ്ട്. എന്നാൽ മാൻസമാരുടെ കൂട്ടത്തിൽ ഏറ്റവും പ്രമുഖനും ഖ്യാതി നേടിയ വ്യക്തിത്വവുമായിരുന്നു മാൻസ രാജാക്കന്മാരിൽ ഒമ്പതാമനായ മാൻസ മൂസ. (ജനനം:1280, മരണം: 1337). അതിനുള്ള കാരണം മൂസയുടെ കാലത്താണ് ആഫ്രിക്ക പൊതുവിലും മാലി പ്രത്യേകിച്ചും ഇസ്‌ലാമികമായും സാംസ്‌കാരികമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും വികസനവും പ്രസിദ്ധിയും നേടിയത് എന്നതാണ്. അക്കാലത്ത് ജീവിച്ചിരുന്ന ലോകത്തെ ഏറ്റവും സമ്പന്നനായ വ്യക്തി എന്ന പേരിലും മൂസ ചരിത്രത്തിൽ പ്രസിദ്ധനാണ്.

മൂസയുടെ അന്നത്തെ സമ്പത്തിന്റെ ഇന്നത്തെ മതിപ്പുമൂല്യം ഏകദേശം 400 ബില്യൺ യു.എസ് ഡോളറാണെന്നാണ് ഫോർബ്സ് പോലുള്ള പ്രമുഖ പ്രസിദ്ധീകരണങ്ങളുടെ നിഗമനം. ഇന്ന് (2021) ജീവിച്ചിരിക്കുന്ന ഏറ്റവും സമ്പന്നനായ വ്യക്തിയായ ഇലോൺ മസ്‌കിന്റെ (ടെസ്‌ല, സ്‌പേസെക്സ് എന്നീ കമ്പനികളുടെ ഉടമ) ആകെ സ്വത്ത് 220 ബില്യൺ യു.എസ്. ഡോളറാണെന്ന് ഓർക്കണം. എന്താണു ദരിദ്ര രാജ്യമായ മാലിയിലെ രാജാവായ മൂസയെ സമ്പന്നനാക്കിയതിനു പിന്നിലെ രഹസ്യം? അതിനുള്ള കാരണം അദ്ദേഹത്തിന്റെ കാലത്ത് മാലിയിൽനിന്നും അതിനോട് ചേർന്നുള്ള മറ്റു പ്രദേശങ്ങളിൽനിന്നും ഖനനം ചെയ്തെടുത്ത അളവറ്റ സ്വർണമായിരുന്നു. അന്ന് ലോകത്ത് ലഭ്യമായ മൊത്തം സ്വർണത്തിന്റെ സിംഹഭാഗവും ഉടമപ്പെടുത്തിയിരുന്നത് മാൻസ മൂസയായിരുന്നു!

അദ്ദേഹത്തിന്റെ മാലി സാമ്രാജ്യം എന്നത് ഇന്നത്തെ ആഫ്രിക്കയിലെ ഭൂരിഭാഗം പ്രദേശങ്ങളും (സെനഗൽ, നൈജീരിയ, ഗാംബിയ, ഗിനിയ, ഐവറി കോസ്റ്റ് തുടങ്ങിയവ സ്ഥലങ്ങൾ) ഉൾകൊള്ളുന്നതായിരുന്നു. അറ്റ്‌ലാന്റിക് സമുദ്രം മുതൽ ഇന്നത്തെ നൈജീരിയവരെ 2000 മൈൽ വിശാലമായി കിടക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ സാമ്രാജ്യം. ഈ സാമ്രാജ്യത്തിന്റെ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തേക്ക് എത്താൻ 4 മാസമെടുക്കുമെന്ന് അക്കാലത്ത് മാലി സന്ദർശിച്ച ഇബ്നു ബത്തൂത്ത രേഖപ്പെടുത്തിയിട്ടുണ്ട്.



## മൂസയുടെ ചരിത്ര പ്രസിദ്ധമായ ഹജ്ജ് യാത്ര

മൂസയുടെ വ്യക്തിജീവിതത്തെക്കുറിച്ച് അധികം രേഖകൾ ഇല്ലെങ്കിലും അദ്ദേഹത്തിന്റെ ഹജ്ജ് യാത്ര ഭുവന പ്രസിദ്ധമാണ്. 1324ലാണ് അദ്ദേഹം ഹജ്ജിനായി പുറപ്പെടുന്നത്. മാലിയിൽ നിന്ന് മക്കയിലേക്ക് 2,700 മൈലുകളോളം ദീർഘമായ യാത്ര. 60,000 പേരുള്ള യാത്രാസംഘത്തിൽ 12,000 അടിമകൾ ഉണ്ടായിരുന്നു. ഈ അടിമകളിൽ ഓരോരുത്തരും 2 കിലോവീതം ഭാരമുള്ള സ്വർണ്ണക്കട്ടികൾ ചുമന്നിരുന്നു. 80 ഒട്ടകങ്ങൾ കൂടെയുണ്ടായിരുന്നു. അവയോരോന്നും 135 കിലോയോളം ഭാരമുള്ള സ്വർണം വഹിച്ചിരുന്നു. ഈ സംഘത്തിനു മുഴുവനുള്ള ഭക്ഷണോപാധികളും മൂസ കരുതിയിരുന്നു. എല്ലാ വെള്ളിയാഴ്ചകളിലും ജുമുഅ സംഘടിപ്പിക്കുകയും അവിടങ്ങളിലെല്ലാം ചെറിയ പള്ളികൾ അദ്ദേഹം നിർമിച്ച് നൽകുകയും ചെയ്തു. യാത്രയിൽ കാണുന്ന സാധുക്കൾക്കെല്ലാം മൂസ സ്വർണം ദാനം ചെയ്തു. കൂറ്റൻ സ്വർണശേഖരവും സർവ സന്നാഹവുമായി യാത്ര ചെയ്യുന്ന ഈ സംഘത്തെ 'സഞ്ചരിക്കുന്ന ഒരു നഗരത്തിന്റേതു പോലെ' എന്നാണു കണ്ടുനിന്ന കാഴ്ചക്കാരുടെ ദൃക്സാക്ഷി വിവരണമായി ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നത്.

ഈ യാത്രക്കിടെ അദ്ദേഹം ഈജിപ്റ്റിലെ കൈറോവിൽ എത്തുകയും അവിടെ ധാരാളം സ്വർണം ദാനം നൽകുകയും ചെയ്തു. ജനങ്ങളെല്ലാം ധാരാളം സ്വർണം കൈവശപ്പെടുത്തിയത് കാരണം കൈറോവിൽ അടുത്ത 12 വർഷത്തോളം സ്വർണത്തിന്റെ വില കുറഞ്ഞു പോയി എന്നത് ചരിത്രം. (See Encyclopedia brittanica / Mansa musa). ഇതുപോലെ അദ്ദേഹം മക്കയിലും മദീനയിലും സ്വർണം ദാനം ചെയ്തു. മെഡിറ്ററേനിയൻ രാജ്യങ്ങളിൽ സ്വർണത്തിന്റെ മാർക്കറ്റ് വിലയുടെ കടിഞ്ഞാൺ മൊത്തത്തിൽ ഒരു വ്യക്തിയുടെ കയ്യിൽ വന്ന ഒരേ ഒരു സംഭവമാണിതെന്ന് ഘാനയുടെ ചരിത്രമെഴുതിയ ('ദി മെഡീവൽ ഹിസ്റ്ററി ഓഫ് ഘാന' എന്ന പുസ്തകം) ഗുഡ്‌വിൻ അഭിപ്രായപ്പെടുന്നുണ്ട്.

മൂസയുടെ ഈ യാത്രയെക്കുറിച്ച് അനുകൂലവും പ്രതികൂലവുമായ വീക്ഷണങ്ങൾ ചരിത്രകാരന്മാർക്കിടയിലുണ്ട്. ചിലർ ഈ സംഭവം അദ്ദേഹത്തിന്റെ ദാനശീലത്തിന്റെയും ഉദാരമനസ്കതയുടെയും ഉദാഹരണമായി എടുത്ത് കാട്ടുമ്പോൾ വേറെ ചില ചരിത്രകാരന്മാർ ഈ സംഭവം മൂസയുടെ സമ്പത്തും ശക്തിയും ലോകത്തെ കാണിച്ച് ശ്രദ്ധനേടാൻ വേണ്ടിയുള്ള പ്രകടനമായിരുന്നെന്ന് പറയുന്നു. ഇതിൽ ഏതായിരുന്നു ശരിയെന്ന് തീർപ്പു പറയാൻ നാം അർഹരല്ല. ഏതായാലും ഈ സംഭവത്തിനു ശേഷം അദ്ദേഹത്തിന്റെ ഖ്യാതി ലോകത്ത് അറിയപ്പെട്ടു എന്നതാണു വാസ്തവം. അതുവരെ ലോകഭൂപടത്തിൽ ഇടമില്ലാതിരുന്ന മാലി എന്ന രാജ്യം 1375ൽ യൂറോപ്യൻ യാത്രികർ തയ്യാറാക്കിയ 'കാറ്റലാൻ ഭൂപടത്തിൽ' (Catalan Map) ഇടം നേടി. ഈ മാപ്പിൽ മാലിയെ അടയാളപ്പെടുത്തിയതാകട്ടെ ഇടതുകയ്യിൽ അധികാരവടിയും വലതു കയ്യിൽ സ്വർണക്കട്ടിയും പിടിച്ച് സിംഹാസനത്തിൽ ഇരിക്കുന്ന മൂസയുടെ പടം വരച്ച് വെച്ചുകൊണ്ടായിരുന്നു!

## ആഫ്രിക്കയിലെ ഇസ്‌ലാമിക നവോത്ഥാനം

ഹജ്ജ് കഴിഞ്ഞ് മടങ്ങിയ മൂസ പുതിയൊരു വ്യക്തിയായാണു തന്റെ രാജ്യത്തെത്തിയത്. മക്കയിലെയും മദീനയിലെയും ജീവിതവും അവിടങ്ങളിലെ പണ്ഡിതന്മാരുമായുള്ള സഹവാസവും മൂസയുടെ ഹൃദയത്തെ സ്വാധീനിച്ചതാകാം കാരണം. ഒട്ടകങ്ങൾക്ക് വഹിക്കാവുന്നത്ര സ്വർണവുമായി മക്കയിലേക്ക് തിരിച്ച മൂസ പക്ഷേ, ഹജ്ജ് കർമത്തിനുശേഷം തിരിച്ചെത്തിയത് കുതിരപ്പുറത്തും ഒട്ടകപ്പുറത്തുമായി ഇസ്‌ലാമിക പണ്ഡിതന്മാരെയും, കൈറോവിൽ (ഈജിപ്ത്) നിന്നും ആൻഡലൂസിൽ (സ്പൈൻ) നിന്നുമുള്ള കെട്ടിടനിർമാണ വിദഗ്ധരെയും, ഗണിതജ്ഞരെയും, വാനശാസ്ത്രജ്ഞരെയുമൊക്കെ കൂടെ കൂട്ടിയായിരുന്നു. തന്റെ സാമ്രാജ്യത്തെ സാംസ്കാരികമായും ഇസ്‌ലാമികമായും 'അടിമുടി അഴിച്ചുപണി' നടത്തുകയായിരുന്നു മൂസയുടെ ഉദ്ദേശ്യം.

നാട്ടിലെത്തിയ അദ്ദേഹം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി മദ്റസകളും പള്ളികളും നിർമിച്ചു. രാജ്യതലസ്ഥാനമായ ടിംബക്റ്റുവിലും മറ്റു രണ്ട് സ്ഥലങ്ങളിലുമായി 3 യൂണിവേഴ്സിറ്റികൾ സ്ഥാപിച്ചു. ഈ യൂണിവേഴ്സിറ്റികളിൽ ക്വുർആനും ഹദീഥും പഠിപ്പിക്കുന്നതോടൊപ്പം ഗണിതം (മാത്തമാറ്റിക്സ്), വാനശാസ്ത്രം, ഭൗതിക ശാസ്ത്രം (ഫിസിക്സ്), രസതന്ത്രം (കെമിസ്ട്രി), ചരിത്രം, ഭൂമിശാസ്ത്രം, ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ പോലുള്ള വിദ്യാഭ്യാസ ശാഖകളും കൂടി ഉൾപ്പെടുത്തിയിരുന്നുവെന്ന് ആഫ്രിക്കയുടെ ഇസ്‌ലാമിന്റെ ചരിത്രമെഴുതിയ ജീൻ ലൂയിസ് പറയുന്നുണ്ട്. 1327ൽ

മൂസ പണികഴിപ്പിച്ച ടിംബക്റ്റുവിലെ ജിംഗുർബർ മസ്ജിദും യൂണിവേഴ്സിറ്റിയും ഇന്നും നിലനിൽക്കുന്നുണ്ട് എന്നത് ഒരു അത്ഭുതമാണ്.

താമസിയാതെ മാലി അന്നത്തെ പ്രമുഖ ഇസ്ലാമിക പഠന കേന്ദ്രമായി മാറി. ലോകത്തിന്റെ പല കോണുകളിൽനിന്നുള്ളവർ ഇവിടെ പഠിക്കാനെത്തിയിരുന്നു. ഇതിൽ ടിംബക്റ്റു യൂണിവേഴ്സിറ്റിയിൽ മാത്രം 25,000 വിദ്യാർഥികൾ പഠിച്ചിരുന്നു! ഈ യൂണിവേഴ്സിറ്റിയിലെ ലൈബ്രറിയിൽ അന്ന് പത്ത് ലക്ഷത്തോളം പുസ്തകങ്ങൾ ഉണ്ടായിരുന്നു. വിശ്വപ്രസിദ്ധമായ അലക്സാൻഡ്രിയയിലെ ലൈബ്രറിക്ക് ശേഷം ഏറ്റവും കൂടുതൽ പുസ്തകങ്ങൾ അടങ്ങിയ ലൈബ്രറിയായിരുന്നു ഇത്. 13,14 നൂറ്റാണ്ടുകളിൽ എഴുതപ്പെട്ട പല കൈയെഴുത്ത് പ്രതികളും ഇന്നും ആ ലൈബ്രറിയിൽ ഉണ്ട്.

മാൻസ മൂസയുടെ ഭരണ കാലഘട്ടത്താണ് ആഫ്രിക്കൻ രാജ്യങ്ങളുടെ മുഖ്യ വികസന പ്രവർത്തനങ്ങൾക്കെല്ലാം തുടക്കം കുറിച്ചത്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും വികസനപരമായും ഇസ്ലാമികപരമായും രാജ്യം ഉന്നതിയിലെത്തിയതും അന്താരാഷ്ട്ര കച്ചവട ബന്ധങ്ങൾ വളർന്നതുമെല്ലാം ഇക്കാലത്താണ്. അഥവാ മൂസയുടെ ഭരണ കാലത്തിനെ 'ഇരുണ്ട ആഫ്രിക്കൻ ചരിത്രത്തിലെ സുവർണ കാലഘട്ടം' എന്ന് വിശേഷിപ്പിക്കാം.

## മൂസയുടെ മരണവും മാലിയുടെ പതനവും

1337ലാണ് മാൻസ മൂസ മരണപ്പെട്ടതെന്നാണു ഭൂരിഭാഗം ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുള്ളത്. അവസാനകാലത്ത് മക്കയിൽ പോയി ജീവിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നുവെന്നും എന്നാൽ അതിനു മുമ്പുതന്നെ അദ്ദേഹം മരിച്ചു എന്നും ചിലർ അഭിപ്രായപ്പെടുന്നു. മൂസയുടെ മരണത്തിനു ശേഷം മാലി സാമ്രാജ്യത്തിന്റെ പ്രതാപം മങ്ങാൻ തുടങ്ങി. മൂസയുടെ മരണശേഷം സഹോദരൻ സുലൈമാൻ അധികാരം തട്ടിയെടുക്കുകയായിരുന്നു. സുലൈമാന്റെ കാലത്ത് മാലിയിൽ പ്ലേഗ് രോഗം പടർന്ന് പിടിക്കുകയും ധാരാളം ജനങ്ങൾ മരിക്കുകയും ചെയ്തു. രാജ്യം സാമ്പത്തിക പ്രതിസന്ധി നേരിടുകയും ഭക്ഷ്യക്ഷാമം അനുഭവപ്പെടുകയും ചെയ്തു. രാജ്യം പിന്നീട് ഒരു ഉയിർത്തെഴുന്നേൽപിനു ശ്രമിക്കുമ്പോഴേക്കും മൂസയുടെയും ആഫ്രിക്കയിലെ സ്വർണ ശേഖരത്തിന്റെയും ഖ്യാതി അറിഞ്ഞ യൂറോപ്യന്മാർ ആഫ്രിക്കയിലേക്ക് ഒഴുകാനും കോളനികൾ സ്ഥാപിക്കാനും കൊള്ളയടിക്കാനും തുടങ്ങി. ഈ സംഭവങ്ങളെല്ലാം മാലി സാമ്രാജ്യത്തെ സാമ്പത്തികമായി തളർത്തി.



### സ്വർണവും വജ്രവും ധാരാളമുള്ള ആഫ്രിക്ക ഇന്ന് എങ്ങനെ ദരിദ്ര രാജ്യമായി?

അന്നും ഇന്നും സ്വർണത്തിന്റെയും വജ്രത്തിന്റെയും ശേഖരംകൊണ്ട് സമ്പുഷ്ടമാണ് ആഫ്രിക്കൻ രാജ്യങ്ങൾ. ആഫ്രിക്കൻ രാജ്യമായ ഘാനയുടെ പഴയ വിളിപ്പേർ തന്നെ 'ഗോൾഡ് കോസ്റ്റ്' (സ്വർണ തീരം) എന്നായിരുന്നു. ഇന്നും ലോകത്ത് ലഭ്യമായ സ്വർണത്തിന്റെയും വജ്രത്തിന്റെയും മുഖ്യ സ്രോതസ്സ് ആഫ്രിക്കൻ രാജ്യങ്ങൾ തന്നെയാണ്. എന്നാൽ ഇവിടെ ഉണ്ടാകാനിടയുള്ള പ്രസക്തമായ ഒരു ചോദ്യമുണ്ട്. ഇത്രയും സ്വർണവും വജ്രവുമുള്ള ആഫ്രിക്കൻ രാജ്യങ്ങൾ എന്തുകൊണ്ടാണു ലോകത്തെ ഏറ്റവും ദരിദ്ര്യമായ രാജ്യങ്ങളായി മാറിയത്? ഇതിനു പല കാരണങ്ങളുണ്ട്. മുഖ്യമായവ താഴെ പറയുന്നവയാണ്:

1. മൂസയുടെ കാലശേഷമുണ്ടായ യൂറോപ്യൻമാരുടെ ആധിപത്യം മുതൽ ഇന്നുവരെ ആഫ്രിക്കയിലെ പ്രധാന സ്വർണ, വജ്ര ഖനികൾ കൈയടക്കി വെച്ചിട്ടുള്ളത് യൂറോപ്യൻ കുത്തക കമ്പനികളാണ്. അവർ അത്തരം സ്ഥലങ്ങൾ വലിയ വിലകൊടുത്ത് സ്വന്തമാക്കിവെക്കുന്നു. അവിടങ്ങളിലെ ഖനികളുടെ പൂർണ ഉടമസ്ഥാവകാശവും അവയിൽനിന്നുള്ള വരുമാനവും ഈ കമ്പനികൾക്കാണ്.

2. നികുതി-കസ്റ്റംസ് വെട്ടിപ്പ്, കള്ളക്കടത്ത്, കൈക്കൂലി: ഈ കുത്തക കമ്പനികൾ ലാഭവിഹിതം കൂട്ടുവാനായി അതത് രാജ്യങ്ങൾക്ക് നൽകേണ്ട നികുതിയും കസ്റ്റംസും നൽകാതെ കടത്തുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിനായി ഉദ്യോഗസ്ഥർക്ക് കൈക്കൂലിയും നൽകുന്നു. ഇതുമൂലം ആ ഇനത്തിലുള്ള വരുമാനം രാജ്യത്തിനു കിട്ടാതെ പോകുന്നു.

3. വിദ്യാഭ്യാസസാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം: സ്വർണവും വജ്രവും കുഴിച്ചെടുക്കുന്ന സാങ്കേതിക അറിവും യന്ത്രങ്ങളും ആഫ്രിക്കൻ ജനതക്ക് ഇല്ല എന്നതാണു മറ്റൊരു കാരണം. അതിനാൽ അക്കാര്യത്തിനായി ആ മേഖലയിൽ പരിജ്ഞാനമുള്ള വിദേശികളെ ആശ്രയിക്കുകയല്ലാതെ അവർക്ക് നിവൃത്തിയില്ല.

4. ആഫ്രിക്കൻ ഗവണ്മെന്റിന്റെ കെടുകാര്യസ്ഥത: ആഫ്രിക്കൻ ഗവൺമന്റ് ഈ ഖനികളുടെ ഉടമസ്ഥാവകാശവും നടത്തിപ്പവകാശവും മുഴുവനായോ ഭാഗികമായോ വിദേശകമ്പനികൾക്ക് തീറെഴുതിക്കൊടുത്തിരിക്കുകയാണ്. അതിനാൽ അവയിൽനിന്നുള്ള ഗവണ്മെന്റിന്റെ വരുമാനം നിയന്ത്രിതമാണ്.

5. സ്വർണവും വജ്രവും ധാരാളമായി ഉൽപാദിപ്പിക്കുന്ന രാജ്യമായതുകൊണ്ട് ആഫ്രിക്കൻ രാജ്യങ്ങൾക്കകത്ത് ഇവ രണ്ടിനും വില നന്നേ കുറവാണ്. എന്നാൽ അവ വിദേശ രാജ്യങ്ങളിലേക്ക് കൂടുതൽ വിലയിൽ കയറ്റി അയക്കുന്ന കമ്പനികളാണ് വജ്ര, സ്വർണ വിലയുടെ വലിയ ലാഭവിഹിതവും സ്വന്തമാക്കുന്നത്.


SCHOOL OF Qur'an

## സ്കൂൾ ഓഫ് ഖുർആൻ
### ബ്രാഞ്ചുകൾക്ക് അപേക്ഷ ക്ഷണിച്ചു

ജാമിഅ അൽ ഹിന്ദിന്റെ ആഭിമുഖ്യത്തിൽ വ്യതിരിക്തമായ കാഴ്ചപ്പാടോടുകൂടി രൂപകൽപന ചെയ്തതും 2014 മുതൽ വിജയകരമായി പ്രവർത്തിക്കുന്നതുമായ സ്കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം.

ഒന്നാം ക്ലാസിൽ ആരംഭിച്ച് ബിരുദാനന്തര ബിരുദത്തോടെ കോഴ്സ് പൂർത്തീകരിക്കുന്ന തരത്തിൽ തയ്യാറാക്കിയ 17 വർഷത്തെ സമഗ്ര പഠന സംവിധാനമാണ് സ്കൂൾ ഓഫ് ഖുർആൻ.

2022 ജൂൺ ഒന്നിന് ആറര വയസ് കവിയാത്തവരും 22-23 അധ്യയന വർഷത്തിൽ സ്കൂളിൽ ഒന്നാം ക്ലാസിൽ ചേരുന്നവരുമായ വിദ്യാർഥി വിദ്യാർഥിനികൾക്കാണ് പ്രവേശനം നൽകുക.

ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും സെന്റർ വഴിയും ബാക്കിയുള്ള ദിവസങ്ങളിൽ ഓൺലൈനിലൂടെയുമാണ് പഠനം ക്രമീകരിച്ചിരിക്കുന്നത്.

അഞ്ചുവർഷം പ്രാദേശിക കേന്ദ്രങ്ങൾ വഴിയും അടുത്ത അഞ്ച് വർഷം റസിഡൻഷ്യൽ ക്യാമ്പസ് വഴിയുമാണ് ആദ്യ രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കുന്നത്.

ഖുർആൻ, ഇസ്‌ലാമിക് സ്റ്റഡീസ് എന്നിവയിൽ അവഗാഹം നേടുന്നതോടൊപ്പം സി.ബി.എസ്.ഇ സിലബസിൽ ഉന്നത വിജയം നേടാനും അഞ്ച് ഭാഷകൾ സ്വായത്തമാക്കാനും ഹാഫിളാവാനും കുട്ടികളെ പ്രാപ്തരാക്കുന്ന രീതിയിലാണ് കരിക്കുലത്തിലെ രണ്ടാം ഘട്ടം പ്ലാൻ ചെയ്തിട്ടുള്ളത്.

ഹയർ സെക്കണ്ടറി, ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയോടൊപ്പം മത-സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ തികഞ്ഞ കാഴ്ചപ്പാട് രൂപീകരിക്കുന്ന തരത്തിലാണ് ബാക്കിയുള്ള മൂന്ന് ഘട്ടങ്ങൾ.

നിങ്ങളുടെ ജില്ലയിലെ ഏതെങ്കിലും മണ്ഡലത്തിലോ ശാഖയിലോ സെന്റർ തുടങ്ങാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഗൂഗിൾ ഫോം വഴി അപേക്ഷ നൽകുക.

**റജിസ്ട്രേഷൻ ലിങ്ക്:** https://forms.gle/xFobkHpaiG2BoEd88

**വിശദ വിവരങ്ങൾക്ക്:** 9995588317, 9072646000

**അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി:** നവംബർ 25

Office: School of Qur'an, Jamia Al-Hind
Al-Islamiyya, Jamia Campus, Mini Ootty - Oorakam
www.schoolofquran.in, mail@schoolofquran.in


ആഫ്രിക്കയിലെ സാധാരണ ജനതയെ സംബന്ധിച്ചിടത്തോളം ഇത്തരം ഖനികളിൽ തൊഴിലാളികളായി ജീവിക്കുക എന്നത് മാത്രമാണു വരുമാനമാർഗം. അതിനാൽ ആ രാജ്യം ദാരിദ്ര്യത്തിലും അവരെ ഊറ്റിക്കുടിക്കുന്ന വിദേശ രാജ്യങ്ങൾ സമ്പന്നരായും തുടരുന്നു.




# അഹ്‌ലുസ്സുന്നയുടെ ആദർശം പിൻപറ്റുന്നവരും അതിനെ എതിർക്കുന്നവരും

വിമർശനം

മൂസ സ്വലാഹി, കാര
moosakara001@gmail.com

സ്രഷ്ടാവിൽനിന്നുള്ള ചൊവ്വായ മാർഗമാണ് ഇസ്‌ലാം. മുഹമ്മദ് നബിﷺയും അനുചരന്മാരും സ്വജീവിതത്തിൽ അത് പുലർത്തി കാണിച്ചുതന്നിട്ടുണ്ട്. ആ മാർഗമാണ് അഹ്‌ലുസ്സുന്നതി വൽ ജമാഅ എന്ന പേരിൽ അറിയപ്പെടുന്നത്. ഈ നേരായ മാർഗത്തിൽ നിലകൊള്ളുന്ന, അതിൽനിന്ന് വ്യതിചലിച്ചുപോകുന്നത് ഭയപ്പെടുന്ന വിശ്വാസികൾ ഇങ്ങനെ പ്രാർഥിക്കും: ''ഞങ്ങളെ നീ നേർമാർഗത്തിൽ നയിക്കേണമേ; നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല'' (ക്വുർആൻ 1:6,7).

'സ്വിറാത്വുൽ മുസ്തക്വീം' അഥവാ ചൊവ്വായ മാർഗം എന്നത് നബിﷺയിലൂടെ അല്ലാഹു നൽകിയതും അവിടുന്ന് ജീവിച്ചുകാണിച്ചതുമായ മാർഗമാണ്. അനാചാരങ്ങൾകൊണ്ടോ, ദേഹേച്ഛകൾക്ക് അടിമപ്പെട്ടോ അതിനെ മാറ്റിമറിക്കുക സാധ്യമല്ല. ക്വുർആൻ പറയുന്നു:

“ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റു മാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്” (6:153).

ഇമാം ശാത്വിബി(റഹി) പറയുന്നു: “അല്ലാഹു ക്ഷണിച്ചതായ മാർഗമാകുന്നു സ്വിറാത്വുൽ മുസ്തക്വീം, നബിചര്യയും അതു തന്നെ. അതിൽനിന്ന് വ്യതിചലിച്ചവരും പുത്തൻ വാദികളുമാകുന്നു 'വഴികളു'ടെ വക്താക്കൾ” (അൽ ഇഅ്തിസ്വാം/പേജ് 42).

സത്യപാതയിൽനിന്ന് തെറ്റിക്കപ്പെടുന്ന അനവധി പരീക്ഷണങ്ങൾ എല്ലാ കാലഘട്ടത്തിലും ഉണ്ടായിട്ടുണ്ട്. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസവും നിഷ്‌കളങ്കമായ പരലോകഭയവുമാണ് അതിലകപ്പെടാതിരിക്കാൻ വിശ്വാസികൾക്ക് രക്ഷയായിട്ടുള്ളത്. അല്ലാഹു പറയുന്നു: “തീർച്ചയായും നീ അവരെ നേരായ പാതയിലേക്കാകുന്നു ക്ഷണിക്കുന്നത്. പരലോകത്തിൽ വിശ്വസിക്കാത്തവർ ആ പാതയിൽ നിന്ന് തെറ്റിപ്പോകുന്നവരാകുന്നു” (ക്വുർആൻ 23:73,74).

ഇമാം അബൂബക്കർ അൽ ആജൂരി (റഹി) പറഞ്ഞു: “ഒരാൾക്ക് അല്ലാഹു നന്മ ഉദ്ദേശിച്ചു എന്നതിന്റെ അടയാളം അല്ലാഹുവിന്റെ കിതാബും അവന്റെ പ്രവാചകന്റെ സുന്നത്തുകളും അദ്ദേഹത്തിന്റെ സ്വഹാബിമാരുടെയും അവരെ നല്ലനിലയിൽ പിൻപറ്റിയവരുടെ ചര്യകളും അതുപ്രകാരം ഔസാഈ(റഹി), സുഫിയാനുസ്സൗരി(റഹി), മാലിക് ബിൻ അനസ്(റഹി), ശാഫിഈ(റഹി), അഹ്മദ് ബിൻ ഹമ്പൽ(റഹി), കാസിം ബിൻ സലാം(റഹി) തുടങ്ങിയവരും അവരെപ്പോലുള്ളവരുമായ ഓരോ നാട്ടിലെയും മുസ്‌ലിം നേതാക്കളും ഏതൊരു മാർഗത്തിലാണോ നിലകൊണ്ടത് ആ മാർഗത്തിൽ പ്രവേശിക്കലാണ്. ഇവർ സ്വീകരിക്കാത്ത ഏതൊരു മാർഗത്തെയും പാടെ വെടിയുകയും വേണം” (അശ്ശരീഅ/പേജ് 16).

മതവിരോധികളും അത്യാചാരങ്ങൾക്ക് നേതൃത്വം നൽകുന്നവരും സമൂഹത്തിലുണ്ടാക്കിയ ഭിന്നതയും ഛിദ്രതയുമൊക്കെ അഹ്‌ലുസ്സുന്നയുടെ യഥാർഥ അനുയായികൾക്ക് മേൽ കെട്ടിവെക്കുന്നതിലൂടെ അത്തരക്കാരുടെ അധഃപതനമാണ് വ്യക്തമാകുന്നത്. ശത്രുക്കൾ പുണ്യാളന്മാരായി എഴുന്നള്ളപ്പെടുകയും മതത്തെ പ്രതിക്കൂട്ടിൽ നിർത്തുകയും ചെയ്യുന്ന അവസ്ഥവരെ എത്തിയിട്ടുണ്ട്. എന്നാൽ അഭിപ്രായ ഭിന്നത സൃഷ്ടിക്കുന്നതിനെ ഇസ്‌ലാം ശക്തമായി വിരോധിച്ചു.

അല്ലാഹു പറയുന്നു: “വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിന് ശേഷം പല കക്ഷികളായി പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്”(ക്വുർആൻ 3:105).

അബൂഹുറയ്റ(റ)യിൽനിന്ന്; നബി(ﷺ)പറഞ്ഞതായി ഞാൻ കേട്ടു: “ഞാൻ വിരോധിച്ചത് നിങ്ങൾ വെടിയുക, ഞാൻ കൽപിച്ചതിൽനിന്ന് സാധിക്കുന്നത് നിങ്ങൾ എടുക്കുക. നിശ്ചയം, നിങ്ങൾക്ക് മുമ്പുള്ളവർ നശിപ്പിച്ചത് അവരുടെ അധിക ചോദ്യവും പ്രവാചകന്മാരിലുള്ള അഭിപ്രായ ഭിന്നതയുമാണ്” (ബുഖാരി, മുസ്‌ലിം).

2021 ആഗസ്റ്റ് ആദ്യലക്കം 'സുന്നിവോയ്സി'ൽ ഒരു മുസ്‌ലിയാർ എഴുതിയത് കാണുക: “എന്നാൽ സത്യസരണിയുടെ വേരറുക്കാനും മുസ്‌ലിംകൾക്കിടയിൽ അനൈക്യം സൃഷ്ടിക്കാനും ഇസ്‌ലാമിക സമൂഹത്തിന്റെ സംശുദ്ധമായ പാരമ്പര്യത്തിനു നേരെ കൊഞ്ഞനം കുത്താനും ധിക്കാരം കാണിച്ച നവീന വാദികളെയും പുത്തനാശയക്കാരെയും മതപരമായി ബഹിഷ്കരിക്കണമെന്ന ശക്തമായ നിലപാടാണ് ദീനുൽ ഇസ്‌ലാമിന്റേത്. വിശ്വാസികൾ അന്യോന്യം നിർവഹിക്കേണ്ട ബാധ്യതകളായി തിരുനബി(ﷺ) എണ്ണിയ സലാം ചൊല്ലൽ, രോഗീ സ



ന്ദർശനം, ജനാസാനുഗമനം, ക്ഷണിച്ചാൽ സ്വീകരിക്കൽ തുടങ്ങി സ്നേഹത്തെയും ഐക്യത്തെയും പ്രതിഫലിപ്പിക്കുന്ന കർമങ്ങളെയൊന്നും ബിദ്അത്ത്കാരുമായി പങ്കുവെക്കരുതെന്നും അവരുമായുള്ള ഇത്തരം സർവ ബന്ധങ്ങളും വിഛേദിക്കണമെന്നും മതത്തിന് കാർക്കശ്യമുണ്ട്. പ്രമാണങ്ങൾ അത് നമ്മെ ബോധ്യപ്പെടുത്തുന്നു" (പേജ് 20).

കേരളീയ മുസ്‌ലിം സമൂഹത്തിൽ 1920ന് ശേഷം ഐക്യസംഘവും അതിനെ തുടർന്ന് കേരളത്തിലെ ആദ്യ പണ്ഡിത സഭയായ കേരള ജംഇയ്യത്തുൽ ഉലമ അഹ്‌ലുസ്സുന്ന വൽജമാഅയും രൂപീകരിക്കപ്പെട്ടതു മുതലാണ് നവോത്ഥാന പ്രവർത്തനങ്ങളും മതപരമായ ഉദ്ബോധനങ്ങളും ആരംഭിച്ചത്. ശീഈ, സ്വൂഫീ ഒത്തൊരുമയിൽ ജന്മമെടുത്ത ബറേൽവിസത്തിന്റെ സേവകരായ പൗരോഹിത്യമാണ് മതമേലാളന്മാരായി അതുവരെ ഉണ്ടായിരുന്നത്. ആരാധന അല്ലാഹുവിന് മാത്രമെന്ന അടിസ്ഥാന വിശ്വാസത്തെ പാടെ അവഗണിക്കുകയും വ്യാജ ഔലിയാക്കന്മാരെയും ശിർക്കൻ കേന്ദ്രങ്ങളെയും ജനങ്ങൾ ആശ്രയിച്ചിരുന്ന കാലം. മത പ്രമാണങ്ങളെ ഒഴിവാക്കി മാലപ്പാട്ടുകളും കുപ്പിപ്പാട്ടുകളും കള്ളക്കഥകളും പഠിപ്പിക്കപ്പെട്ടു. ഇസ്‌ലാമിക നിയമങ്ങൾക്ക് ഒട്ടും വില കൽപിക്കപ്പെടാത്ത സ്ഥിതിവിശേഷമുണ്ടായി. പൗരോഹിത്യം ഉണ്ടാക്കിയ ഇത്തരം ദൂഷ്യങ്ങളെ മൂടി വെക്കാനാണ് മുസ്‌ലിയാർ ഇവിടെ നല്ലപിള്ള ചമഞ്ഞതെന്ന് പ്രത്യേകം പറയേണ്ടതില്ല.

ഓരോ തലമുറയുടെയും അവസ്ഥക്കൊത്ത് വിവേകമതികളായ ആളുകൾ സംസ്കരണ പ്രവർത്തനങ്ങൾക്കായി അവരിലുണ്ടാകുമെന്നത് ക്വുർആനിന്റെ ആഹ്വാനമാണ്. അല്ലാഹു പറയുന്നു: "നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ" (ക്വുർആൻ 3:104).

പണ്ഡിത വരേണ്യർ സമൂഹത്തിന്റെ ഉണർവിനായി അക്കാലത്ത് ഒന്നിച്ചോടിയപ്പോൾ അതിന് വിലങ്ങുതടിയായിനിന്നത് സമസ്തയുടെ പൂർവകാല നേതാക്കളായിരുന്നു എന്നത് മായ്ച്ചാലും മായാത്ത ചരിത്രമാണ്. സമസ്ത രൂപീകരിക്കപ്പെട്ടത് എന്തിനാണെന്നും ഐക്യസംഘം നൽകിയ സംഭാവനകൾ എന്താണെന്നും അവർതന്നെ പറയുന്നത് കാണുക: "അങ്ങനെ 1922ൽ ഐക്യസംഘം പിറന്നു. നല്ല പ്രവർത്തനങ്ങളുമായി ഐക്യസംഘം മുന്നോട്ടു പോയി. വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റും വരവായി. കെ.എം മൗലവിയുടെ സതീർഥ്യരും ശിഷ്യൻമാരുമാണ് അതിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്. മൗലവിയുടെ സഹപാഠികളായിരുന്ന ചെറുശ്ശേരി അഹ്മദ് കുട്ടി മുസ്‌ലിയാർ, പറവണ്ണ മുഹ്‌യുദ്ദീൻകുട്ടി മുസ്‌ലിയാർ എന്നിവരും പാങ്ങിൽ അഹ്മദ് കുട്ടി മുസ്‌ലിയാരും ആദ്യം ഐക്യസംഘത്തിന്റെ പ്രവർത്തനങ്ങളോട് സഹകരിച്ചിരുന്നു. പാവപ്പെട്ട സമുദായത്തെ സമുദ്ധരിക്കുക എന്നതായിരുന്നു ലക്ഷ്യമായി പറഞ്ഞത്. അക്കാര്യത്തിൽ ഏറെക്കുറെ പ്രവർത്തനങ്ങളും സംഘം നടത്തി. എന്നാൽ അന്ധവിശ്വാസങ്ങളെ പ്രതിരോധിക്കുന്നതിലും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും വഹാബീ, സഫലീ ചിന്തകൾ ഉൾപ്പെടുത്തിയപ്പോൾ മേൽപറഞ്ഞ പണ്ഡിതന്മാർ സംഘത്തോട് വിടചൊല്ലി. കെ എം മൗലവിയോട് സ്നേഹമുണ്ടായിരുന്ന ചെറുപ്പക്കാരും സാമൂഹിക പ്രവർത്തകരും ഒരു വിഭാഗം പണ്ഡിതന്മാരും അത് കാര്യമാക്കിയില്ല. കാതുകുത്തും അന്ധവിശ്വാസങ്ങളും എതിർക്കുന്നതോടൊപ്പം പുണ്യ പുരുഷൻമാരോട് അനുഗ്രഹം തേടുക, നേർച്ചകൾ നടത്തുക, മൗലിദ് നടത്തുക എന്നിവയൊക്കെ ബഹുദൈവ വിശ്വാസത്തിന്റെ ഭാഗമാണെന്ന് ഐക്യസംഘത്തിന്റെ ലേബലിൽ പ്രചരിപ്പിക്കപ്പെട്ടു. ഇക്കാര്യങ്ങൾ വിവാദമായപ്പോൾ പറവണ്ണ മുഹ്‌യിദ്ദീൻ കുട്ടി മുസ്‌ലിയാർ, പാങ്ങിൽ അഹ്മദ് കുട്ടി മുസ്‌ലിയാർ അടക്കമുള്ളവർ കെ.എം മൗലവിയെ വിമർശിച്ച് രംഗത്തുവന്നു" (അറുപതാം വാർഷികോപഹാരം/പേജ് 117,118).

"1925ൽ കോഴിക്കോട് ജുമുഅ പള്ളിയിൽവെച്ച് മഹാന്മാരായ ഉലമാക്കന്മാർ മുമ്പാകെ മേപ്പടി നാമധേയത്തിൽ ഒരു പ്രവർത്തക സംഘം രൂപീകരിക്കപ്പെടുകയും പിന്നീട് കോഴിക്കോട്, ചാലിയം, എടവണ്ണ, മഞ്ചേരി മുതലായ ദിക്കുകളിലെല്ലാം വെച്ച് പൊതുയോഗങ്ങൾ കൂടുകയും 1926 ജൂൺ 26നു കോഴിക്കോട് ടൗൺ ഹാളിൽവെച്ച് അസ്സയ്യിദ് ഹാശിം ചെറിയ കുഞ്ഞിക്കോയ തങ്ങൾ അവർകളുടെ അധ്യക്ഷതയിൻ കീഴിൽ വെച്ച് കൂടിയ പൊതുയോഗത്തിൽ വെച്ച് സംഘം സ്ഥാപിക്കുകയും ചെയ്തു" (സമസ്ത/പേജ് 38).

സമൂഹത്തെ ജീർണതയിലേക്ക് നയിച്ചതും അവർക്കിടയിൽ ഭിന്നിപ്പുണ്ടാക്കിയതും നവോത്ഥാന സംരംഭങ്ങളെ അറപ്പോടെ കണ്ടതും യഥാർഥത്തിൽ ആരെന്നത് വായനക്കാർ വിലയിരുത്തട്ടെ.

**(അവസാനിച്ചില്ല)**



ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം

2

# പ്രവാചക ചര്യകളും മുസ്‌ലിംകളും

### 2. ബ്രഷ് ചെയ്യുന്നതിന്റെ പ്രാധാന്യം

പൊതുവെ മിക്ക മലയാളികളും ദിവസവും രാവിലെ ഉറക്കമുണർന്നാലും രാത്രി ഭക്ഷണം കഴിച്ച് കിടക്കാൻ പോകുന്ന വേളയിലും ദന്തശുദ്ധി വരുത്താറുണ്ട്. ഈ വിഷയത്തിൽ അലസത കാണിക്കുന്നവരുമുണ്ട്. എന്നാൽ മുസ്‌ലിംകൾ ദന്തശുദ്ധി വരുത്തുന്ന കാര്യത്തിൽ ഏറെ ശ്രദ്ധ കാണിക്കേണ്ടതുണ്ട്. മിസ്‌വാക്ക് ചെയ്യൽ അഥവാ പല്ലുകൾ വൃത്തിയാക്കൽ പുണ്യം ലഭിക്കുന്ന കാര്യംകൂടിയാണ്.

നബിﷺ അവിടുത്തെ ജീവിതത്തിൽ മിസ്‌വാക്ക് ചെയ്തിരുന്ന സമയങ്ങളും സന്ദർഭങ്ങളും നമുക്ക് മനസ്സിലാക്കാം.

അബൂഹുറയ്റ(റ) നിവേദനം; നബിﷺ പറഞ്ഞു: "എന്റെ സമുദായത്തിന് ബുദ്ധിമുട്ടില്ലായിരുന്നു വെങ്കിൽ എല്ലാ നമസ്കാരത്തിന്റെയും കൂടെ (നിർബന്ധമായും) മിസ്‌വാക്ക് ചെയ്യാൻ ഞാൻ കൽപിക്കുമായിരുന്നു." (ബുഖാരി)

നബിﷺയിൽ നിന്ന് ഇത് കേട്ട അനുചരന്മാർ ഈ കാര്യത്തിൽ ശ്രദ്ധ കാണിച്ചവരായിരുന്നു. നിർബന്ധമല്ലെങ്കിലും ഒരു നബിചര്യ എന്ന നിലയിൽ ഇത് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ നാം ശ്രമിക്കേണ്ടതുണ്ട്.

ഇബ്നു ഉമർ(റ) പറയുന്നു: "നബിﷺ മിസ്‌വാക്ക് (ബ്രഷ്) ചെയ്യാനുള്ള അറാക്കു പോലുള്ള വസ്തു തന്റെ തലഭാഗത്ത് വെച്ചുകൊണ്ടല്ലാതെ ഉറങ്ങാറുണ്ടായിരുന്നില്ല; ഉണരുമ്പോൾ ആദ്യം ബ്രഷ് ചെയ്യുകയും ചെയ്യുമായിരുന്നു." (അഹ്മദ്)

ഇമാം നവവി(റഹി) പറയുന്നു: "മിസ്‌വാക്ക് ചെയ്യൽ എല്ലാ അവസരങ്ങളിലും ഉത്തമമാണ്. എന്നാൽ ആറു സമയങ്ങളിൽ അത് കൂടുതൽ പുണ്യകരമാണ്.

1. നമസ്കാരത്തിലേക്ക് ഒരുങ്ങുമ്പോൾ.
2. വുദൂഅ് (അംഗശുദ്ധി) നിർവഹിക്കുമ്പോൾ.
3. ക്വുർആൻ പാരായണം ചെയ്യാൻ തുടങ്ങുമ്പോൾ.
4. വീട്ടിൽ പ്രവേശിച്ചാൽ.

മിഖ്ദാദ് ഇബ്നുശുറൈഹ്(റ) തന്റെ പിതാവിൽ നിന്ന്: "ഞാൻ ആഇശ(റ)യോട് ചോദിച്ചു: 'നബിﷺ വീട്ടിൽ പ്രവേശിച്ചാൽ ആദ്യമായി ചെയ്തിരുന്ന കാര്യം എന്തായിരുന്നു?' അവർ പറഞ്ഞു: 'ദന്തശുദ്ധിവരുത്തലായിരുന്നു." (മുസ്‌ലിം)

5. ഉറക്കിൽനിന്നും ഉണരുമ്പോൾ.
6. വായ പകർച്ചയായാൽ.

വായക്ക് പകർച്ചവരൽ പല കാരണങ്ങൾ കൊണ്ട് ഉണ്ടാകാം. ഭക്ഷണ പാനീയങ്ങൾ ഒഴിവാക്കൽ, ദീർഘസമയം ഭക്ഷണം കഴിക്കാതിരിക്കൽ, ദുർഗന്ധമുള്ള വസ്തുക്കൾ ഭക്ഷിക്കൽ, അധികസമയം സംസാരിക്കുക എന്നിവകൊണ്ടെല്ലാം വായക്ക് പകർച്ചയുണ്ടാകാം."

### 3. സ്വുബ്ഹിയുടെ റവാതിബ് സുന്നത്തിലെ ക്വുർആൻ പാരായണം

ആഇശ(റ) നിവേദനം: "നബിﷺ സ്വുബ്ഹി നമസ്കാരത്തിന്റെ ബാങ്കിന്റെയും ഇക്വാമത്തിന്റെയും ഇടയിൽ ലഘുവായ രണ്ടു റക്അത്ത് നമസ്കാരം നിർവഹിക്കുമായിരുന്നു." (ബുഖാരി)

> **മുസ്‌ലിമായ ഒരാൾ ബാങ്കുവിളി കേൾക്കുന്ന സമയത്ത് ബാങ്കിലെ പദങ്ങൾ അതുപോലെ പറയുകയും ശേഷം പ്രവാചകൻﷺ പഠിപ്പിച്ച, ബാങ്കിനുശേഷമുള്ള പ്രാർഥന നിർവഹിക്കലും നബിയുടെ പേരിൽ സ്വലാത്ത് ചൊല്ലലും സുന്നത്തിൽപെട്ടതാണ്. ഇന്ന് ഈയൊരു സുന്നത്ത് വളരെ അപൂർവമായി മാത്രമേ മുസ്‌ലിംകളിൽ കണ്ടുവരുന്നുള്ളൂ. ജോലിസ്ഥലങ്ങളിലും കടകളിലും സ്ഥാപനങ്ങളിലും തിരക്കിലാകുന്ന സമയങ്ങളിലാണല്ലോ ബാങ്ക് കേൾക്കൽ പതിവുള്ളത്. അതുകൊണ്ടുതന്നെ ബാങ്ക് കേട്ടാൽ നമസ്കരിക്കാൻ പോകണമെന്ന ചിന്തക്കപ്പുറത്ത് ബാങ്കിലെ വാചകങ്ങൾ ഏറ്റുപറയലും സ്വലാത്ത് ചൊല്ലലും പ്രാർഥനയും നിർവഹിക്കാൻ ശ്രദ്ധിക്കാറില്ല പലരും. ചെറിയ ഒരു ശ്രദ്ധകൊണ്ട് ലഭിക്കുന്ന പ്രതിഫലത്തിന്റെ മഹത്ത്വവും വലിപ്പവും നാം അറിയേണ്ടതുണ്ട്.**

ആഇശ(റ) നിവേദനം; അവർ പറഞ്ഞു: "നബിﷺ സ്വുബ്ഹി നമസ്കാരത്തിന്റെ മുമ്പ് ലഘുവായി രണ്ടു റക്അത്ത് നമസ്കരിക്കുമായിരുന്നു. ഉമ്മുൽകിതാബ് (സൂറത്തുൽ ഫാതിഹ) പാരായണം ചെയ്തുവോ എന്ന് ഞാൻ പറഞ്ഞുപോകുമാറ് (ലഘുവായി)" (ബുഖാരി)

സ്വുബ്ഹിക്ക് മുമ്പുള്ള രണ്ടു റക്അത്ത് റവാതിബ് സുന്നത്തിൽ ഒന്നാമത്തെ റക്അത്തിൽ സൂറത്തുൽ കാഫിറൂനും രണ്ടാമത്തെ റക്അത്തിൽ സൂറത്തുൽ ഇഖ്‌ലാസും പാരായണം ചെയ്യാവുന്നതാണ്.

അബൂഹുറയ്റ(റ) നിവേദനം: "നബിﷺ സ്വുബ്ഹിക്ക് മുമ്പുള്ള രണ്ട് റക്അത്ത് സുന്നത്തു നമസ്കാരത്തിൽ ക്വുൽ യാ അയ്യുഹൽ കാഫിറൂനും ക്വുൽ ഹുവല്ലാഹു അഹദുമാണ് പാരായണം ചെയ്തിരുന്നത്." (മുസ്‌ലിം)

എന്നാൽ നബിﷺ ഈ നമസ്കാരത്തിൽ ആദ്യത്തെ റക്അത്തിൽ സൂറത്തുൽ ബക്വറയിലെ 136ാമത്തെ ആയത്തും രണ്ടാമത്തെ റക്അത്തിൽ സൂറത്തുആലുഇംറാനിലെ 52ാമത്തെ ആയത്തും പാരായണം ചെയ്തിരുന്നു എന്നും ഹദീഥുകളിൽ വന്നിട്ടുണ്ട്.

ഇബ്നു അബ്ബാസ്ؓ പറയുന്നു: "നബിﷺ സ്വുബ്ഹിക്ക് മുമ്പുള്ള രണ്ടു റക്അത്ത് സുന്നത്ത് നമസ്കാരത്തിൽ 'ക്വൂലൂ ആമന്നാ ബില്ലാഹി' (അൽബക്വറ: 136) എന്ന വചനവും 'ആമന്നാ ബില്ലാഹി വശ്ഹദ് ബി അന്നാ മുസ്ലിമൂൻ' (ആലുഇംറാൻ: 52) എന്ന വചനവും പാരായണം ചെയ്യുമായിരുന്നു." (മുസ്ലിം)

നബിﷺ സ്വുബ്ഹിക്ക് മുമ്പുള്ള രണ്ട് റക്അത്ത് റവാതിബ് സുന്നത്തിലെ ആദ്യത്തെ റക്അത്തിൽ സൂറത്തുൽ ബക്വറയിലെ 136ാമത്തെ ആയത്തും, രണ്ടാമത്തെ റക്അത്തിൽ സൂറത്തുആലുഇംറാനിലെ 64ാമത്തെ ആയത്തും പാരായണം ചെയ്തിരുന്നു എന്നും ഹദീഥുകളിൽ വന്നിട്ടുണ്ട്.

ഇബ്നു അബ്ബാസ്ؓ പറയുന്നു: "നബിﷺ സ്വുബ്ഹിക്ക് മുമ്പുള്ള രണ്ടു റക്അത്ത് സുന്നത്ത് നമസ്കാരത്തിൽ 'ക്വൂലൂ ആമന്നാ ബില്ലാഹി' (അൽബക്വറ: 136) എന്ന വചനവും 'തആലൗ ഇലാ കലിമതിൻ സവാഇൻ ബയ്നനാ വ ബയ്നകും' (ആലുഇംറാൻ: 64) എന്ന വചനവും പാരായണം ചെയ്യുമായിരുന്നു." (മുസ്ലിം)

മേൽ സൂചിപ്പിച്ച ക്വുർആനിക വചനങ്ങളുടെ സാരം ഇപ്രകാരമാണ്;

"നിങ്ങൾ പറയുക: അല്ലാഹുവിലും അവങ്കൽനിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചുകിട്ടിയതിലും, ഇബ്റാഹീമിനും ഇസ്മാഈലിനും ഇസ്ഹാക്വിനും യഅ്ക്വൂബിനും യഅ്ക്വൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും; മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ പ്രവാചകൻമാർക്കും അവരുടെ രക്ഷിതാവിങ്കൽനിന്ന് നൽകപ്പെട്ടതി(സന്ദേശങ്ങളി)ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അവന്ന് (അല്ലാഹുവിന്ന്) കീഴ്പെട്ട് ജീവിക്കുന്നവരുമാകുന്നു." (2:136)

"എന്നിട്ട് ഈസായ്ക്ക് അവരുടെ നിഷേധസ്വഭാവം ബോധ്യമായപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിങ്കലേക്ക് എന്റെ സഹായികളായി ആരുണ്ട്? ഹവാരികൾ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന് താങ്കൾ സാക്ഷ്യം വഹിക്കുകയും ചെയ്യണം." (3:52)

"(നബിയേ,) പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനു പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്ത്വത്തിലേക്ക്). എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം നിങ്ങൾ പറയുക; ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചു കൊള്ളുക." (3:64)

### 4. യാത്ര കഴിഞ്ഞെത്തിയാൽ രണ്ട് റക്അത്ത് നമസ്കരിക്കൽ

നമ്മളെല്ലാവരും ജീവിതത്തിലെ പല ആവശ്യാർഥവും യാത്രകൾ നടത്താറുണ്ട്. ജോലിക്ക്, കച്ചവടത്തിന്, പർച്ചേയ്സിന്, രോഗ ചികിത്സക്ക്... തുടങ്ങി നിരവധി ആവശ്യങ്ങൾക്ക് യാത്ര ചെയ്യാത്തവരായി നമ്മിൽ ആരുമുണ്ടാവില്ല. എങ്ങോട്ട് യാത്ര നടത്തിയാലും തിരിച്ച് വീട്ടിലെത്തുക എന്നതാണ് മനസ്സുകളുടെ തേട്ടം. യാത്ര കഴിഞ്ഞ് വീട്ടിലെത്തുമ്പോഴും വിശ്വാസികൾ ശ്രദ്ധിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമായ ചില സുന്നത്തുകളുണ്ട്.

ഒരു യാത്ര ചെയ്ത് തിരിച്ചുവരുമ്പോൾ സ്വന്തം നാട്ടിലെത്തിയാൽ പള്ളിയിൽ കയറി രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിച്ച ശേഷം വീട്ടിൽ പ്രവേശിക്കുക എന്നത് പ്രവാചക ചര്യയിൽ പെട്ടതാണ്.

കഅബ്ؓ നിവേദനം: "നബിﷺ യാത്ര കഴിഞ്ഞ് തിരിച്ചെത്തുമ്പോൾ ആദ്യം പള്ളിയിൽ കയറി രണ്ടു റക്അത്ത് നമസ്കരിക്കുമായിരുന്നു." (ബുഖാരി)

മറ്റൊരു ഹദീഥ് കാണുക: ജാബിർؓ നിവേദനം: "ഞാൻ നബിﷺയുടെ കൂടെ ഒരു യുദ്ധത്തിനായി പുറപ്പെട്ടു. എന്നാൽ എന്റെ ഒട്ടകവും എന്റെ അസുഖവും എന്നെ താമസിപ്പിച്ചു കളഞ്ഞു. പക്ഷേ, നബിﷺ എന്റെ മുമ്പായി എത്തിച്ചേർന്നു. ഞാൻ രാവിലെ പള്ളിയുടെ അടുത്തെത്തിയപ്പോൾ നബിﷺയെ വാതിലിനടുത്ത് കണ്ടു. അന്നേരം അവിടുന്ന് എന്നോട് ചോദിച്ചു: 'നീ ഇപ്പോഴാ

ണോ എത്തുന്നത്?' ഞാൻ 'അതെ' എന്ന് മറുപടി പറഞ്ഞു. അപ്പോൾ നബിﷺ പറഞ്ഞു: 'നീ നിന്റെ ഒട്ടകത്തെ വിട്ട് (പള്ളിയിൽ) പ്രവേശിച്ച് നമസ്‌കരിക്കുക.' അങ്ങനെ ഞാൻ പള്ളിയിൽ പ്രവേശിച്ച് രണ്ടുറക്അത്ത് നമസ്‌കരിച്ചു തിരിച്ചുവന്നു." (ബുഖാരി, മുസ്‌ലിം)

## 5. ബാങ്കിനുശേഷം നബിﷺയുടെമേൽ സ്വലാത്ത് ചൊല്ലലും വസ്വീലയെ ചോദിക്കലും

ദിവസവും അഞ്ചുനേരങ്ങളിൽ നമസ്‌കാരസമയം ആയി എന്നറിയിക്കുന്നതിന് വേണ്ടി മുഅദ്ദിൻ (ബാങ്ക് വിളിക്കുന്നയാൾ) പള്ളിയിൽനിന്നും ബാങ്ക് വിളിക്കാറുണ്ട്. ഈ വിളിയാളം ഇല്ലാത്ത നാടുകളുണ്ടോ എന്ന് സംശയമാണ്.

മുസ്‌ലിമായ ഒരാൾ ബാങ്കുവിളി കേൾക്കുന്ന സമയത്ത് ബാങ്കിലെ പദങ്ങൾ അതുപോലെ പറയുകയും ശേഷം പ്രവാചകൻﷺ പഠിപ്പിച്ച, ബാങ്കിനുശേഷമുള്ള പ്രാർഥന നിർവഹിക്കലും നബിയുടെ പേരിൽ സ്വലാത്ത് ചൊല്ലലും സുന്നത്തിൽപെട്ടതാണ്. ഇന്ന് ഈയൊരു സുന്നത്ത് വളരെ അപൂർവമായി മാത്രമേ മുസ്‌ലിംകളിൽ കണ്ടുവരുന്നുള്ളൂ. ജോലിസ്ഥലങ്ങളിലും കടകളിലും സ്ഥാപനങ്ങളിലും തിരക്കിലാകുന്ന സമയങ്ങളിലാണല്ലോ ബാങ്ക് കേൾക്കൽ പതിവുള്ളത്. അതുകൊണ്ടു തന്നെ ബാങ്ക് കേട്ടാൽ നമസ്‌കരിക്കാൻ പോകണമെന്ന ചിന്തക്കപ്പുറത്ത് ബാങ്കിലെ വാചകങ്ങൾ ഏറ്റുപറയലും സ്വലാത്ത് ചൊല്ലലും പ്രാർഥനയും നിർവഹിക്കാൻ ശ്രദ്ധിക്കാറില്ല പലരും. ചെറിയ ഒരു ശ്രദ്ധകൊണ്ട് ലഭിക്കുന്ന പ്രതിഫലത്തിന്റെ മഹത്ത്വവും വലിപ്പവും നാം അറിയേണ്ടതുണ്ട്.

ബാങ്കിനുശേഷം സ്വലാത്ത് ചൊല്ലുകയും പ്രവാചകനു വേണ്ടി വസ്വീല ചോദിക്കുകയും ചെയ്യുന്നവന്ന് നാളെ പരലോകത്ത് നബിﷺയുടെ ശഫാഅത്ത് (ശുപാർശ) ലഭിക്കുമെന്ന് അവിടുന്ന് അരുളിയിട്ടുണ്ട്.

അബ്ദുല്ലാഹിബ്‌നു അംറുബ്‌നുൽ ആസ്‌ؓ നിവേദനം; നബിﷺ പറഞ്ഞു: "ബാങ്ക് കേൾക്കുന്നവൻ അപ്രകാരം പറയുകയും തുടർന്ന് എന്റെ പേരിൽ സ്വലാത്ത് ചൊല്ലുകയും ചെയ്യുക. നിശ്ചയം എന്റെ പേരിൽ വല്ലവരും ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന് പത്ത് സ്വലാത്ത് ചൊല്ലുന്നതാണ്. ശേഷം എനിക്കുവേണ്ടി നിങ്ങൾ അല്ലാഹുവിനോട് വസ്വീലയെ ചോദിച്ച് പ്രാർഥിക്കുക. അത് (വസ്വീല) സ്വർഗത്തിലുള്ള ഒരു പദവിയാണ്. അല്ലാഹുവിന്റെ അടിമകളിൽ ഒരാൾക്കു മാത്രമാണ് അത് ലഭിക്കുക. അത് ഞാനായിരിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ എനിക്കുവേണ്ടി വസ്വീലയെ ചോദിച്ച് ആരെങ്കിലും പ്രാർഥിച്ചാൽ അവന് അന്ത്യനാളിൽ എന്റെ ശഫാഅത്ത് (ശുപാർശ) ലഭിക്കുന്നതാണ്." (മുസ്‌ലിം)



ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്ന ഹദീഥിൽ ഇപ്രകാരം കാണാം;

ജാബിർؓ നിവേദനം; നബിﷺ പറഞ്ഞു: "വല്ലവനും ബാങ്കിനു ശേഷം 'അല്ലാഹുമ്മ റബ്ബ ഹാദിഹി ദഅ്‌വതിത്താമത്തി വസ്സ്വലാത്തിൽ ക്വാഇമതി ആതി മുഹമ്മദനിൽവസ്വീലത വൽഫള്വീലത വബ്അഥ്ഹു മക്വാമൻ മഹ്മൂദനില്ലദീ വഅദ്ത്തഹു' (ഈ പരിപൂർണമായ പ്രാർഥനയുടെയും ആസന്നമായ നമസ്‌കാരത്തിന്റെയും രക്ഷിതാവായ അല്ലാഹുവേ, മുഹമ്മദ് നബിﷺക്ക് വസ്വീല, ഫള്വീല എന്നീ സ്ഥാനങ്ങൾ നൽകേണമേ. നീ വാഗ്ദാനം ചെയ്ത സ്തുത്യർഹമായ പദവിയിലേക്ക് അദ്ദേഹത്തെ നിയോഗിക്കുകയും ചെയ്യേണമേ) എന്നു പ്രാർഥിച്ചാൽ എന്റെ ശുപാർശ അവന് ലഭിക്കുന്നതാണ്." (ബുഖാരി)

**(അവസാനിച്ചില്ല)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 53, ഭാഗം 4

# അന്നജ്മ് (നക്ഷത്രം)

(മക്കയിൽ അവതരിച്ചത്)

وَأَنَّ إِلَىٰ رَبِّكَ ٱلْمُنتَهَىٰ ﴿٤٢﴾
وَأَنَّهُۥ هُوَ أَضْحَكَ وَأَبْكَىٰ ﴿٤٣﴾
وَأَنَّهُۥ هُوَ أَمَاتَ وَأَحْيَا ﴿٤٤﴾
وَأَنَّهُۥ خَلَقَ ٱلزَّوْجَيْنِ ٱلذَّكَرَ وَٱلْأُنثَىٰ ﴿٤٥﴾
مِن نُّطْفَةٍ إِذَا تُمْنَىٰ ﴿٤٦﴾
وَأَنَّ عَلَيْهِ ٱلنَّشْأَةَ ٱلْأُخْرَىٰ ﴿٤٧﴾
وَأَنَّهُۥ هُوَ أَغْنَىٰ وَأَقْنَىٰ ﴿٤٨﴾
وَأَنَّهُۥ هُوَ رَبُّ ٱلشِّعْرَىٰ ﴿٤٩﴾
وَأَنَّهُۥٓ أَهْلَكَ عَادًا ٱلْأُولَىٰ ﴿٥٠﴾
وَثَمُودَا۟ فَمَآ أَبْقَىٰ ﴿٥١﴾

42. നിന്റെ രക്ഷിതാവിങ്കലേക്കാണ് എല്ലാം ചെന്ന് അവസാനിക്കുന്നതെന്നും,
43. അവൻ തന്നെയാണ് ചിരിപ്പിക്കുകയും കരയിക്കുകയും ചെയ്തതെന്നും,
44. അവൻ തന്നെയാണ് മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്തതെന്നും,
45. ആൺ, പെൺ എന്നീ രണ്ട് ഇണകളെ അവനാണ് സൃഷ്ടിച്ചതെന്നും
46. ഒരു ബീജം സ്രവിക്കപ്പെടുമ്പോൾ അതിൽ നിന്ന്
47. രണ്ടാമത് ജനിപ്പിക്കുക എന്നത് അവന്റെ ചുമതലയിലാണെന്നും,
48. ഐശ്വര്യം നൽകുകയും സംതൃപ്തി വരുത്തുകയും സമ്പത്ത് നൽകുകയും ചെയ്തത് അവൻ തന്നെയാണ് എന്നും,
49. അവൻ തന്നെയാണ് ശിഅ്റാ നക്ഷത്രത്തിന്റെ രക്ഷിതാവ്. എന്നുമുള്ള കാര്യങ്ങൾ.
50. ആദിമ ജനതയായ ആദിനെ അവനാണ് നശിപ്പിച്ചതെന്നും,
51. ഥമൂദിനെയും. എന്നിട്ട് (ഒരാളെയും) അവൻ അവശേഷിപ്പിച്ചില്ല.

52. അതിന് മുമ്പ് നൂഹിന്റെ ജനതയെയും (അവൻ നശിപ്പിച്ചു.) തീർച്ചയായും അവർ കൂടുതൽ അക്രമവും, കൂടുതൽ ധിക്കാരവും കാണിച്ചവരായിരുന്നു.

53. കീഴ്മേൽ മറിഞ്ഞ രാജ്യത്തെയും, അവൻ തകർത്തുകളഞ്ഞു.

54. അങ്ങനെ ആ രാജ്യത്തെ അവൻ ഭയങ്കരമായ ഒരു (ശിക്ഷയുടെ) ആവരണം കൊണ്ട് പൊതിഞ്ഞു.

55. അപ്പോൾ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെപ്പറ്റിയാണ് നീ തർക്കിച്ചുകൊണ്ടിരിക്കുന്നത്?

56. ഇദ്ദേഹം (മുഹമ്മദ് നബി) പൂർവ്വികരായ താക്കീതുകാരുടെ കൂട്ടത്തിൽ പെട്ട ഒരു താക്കീതുകാരൻ ആകുന്നു.

57. സമീപസ്ഥമായ ആ സംഭവം ആസന്നമായിരിക്കുന്നു.

58. അല്ലാഹുവിന് പുറമെ അതിനെ തട്ടിനീക്കാൻ ആരുമില്ല.

59. അപ്പോൾ ഈ വാർത്തയെപ്പറ്റി നിങ്ങൾ അത്ഭുതപ്പെടുകയും,

60. നിങ്ങൾ ചിരിച്ച് കൊണ്ടിരിക്കുകയും നിങ്ങൾ കരയാതിരിക്കുകയും,

61. നിങ്ങൾ അശ്രദ്ധയിൽ കഴിയുകയുമാണോ?

62. അതിനാൽ നിങ്ങൾ അല്ലാഹുവിന് പ്രണാമം ചെയ്യുകയും (അവനെ) ആരാധിക്കുകയും ചെയ്യുവിൻ.

وَقَوْمَ نُوحٍ مِّن قَبْلُ ۖ إِنَّهُمْ كَانُوا هُمْ أَظْلَمَ وَأَطْغَىٰ ﴿٥٢﴾

وَٱلْمُؤْتَفِكَةَ أَهْوَىٰ ﴿٥٣﴾

فَغَشَّىٰهَا مَا غَشَّىٰ ﴿٥٤﴾

فَبِأَىِّ ءَالَآءِ رَبِّكَ تَتَمَارَىٰ ﴿٥٥﴾

هَـٰذَا نَذِيرٌ مِّنَ ٱلنُّذُرِ ٱلْأُولَىٰٓ ﴿٥٦﴾

أَزِفَتِ ٱلْـَٔازِفَةُ ﴿٥٧﴾

لَيْسَ لَهَا مِن دُونِ ٱللَّهِ كَاشِفَةٌ ﴿٥٨﴾

أَفَمِنْ هَـٰذَا ٱلْحَدِيثِ تَعْجَبُونَ ﴿٥٩﴾

وَتَضْحَكُونَ وَلَا تَبْكُونَ ﴿٦٠﴾

وَأَنتُمْ سَـٰمِدُونَ ﴿٦١﴾

فَٱسْجُدُوا لِلَّهِ وَٱعْبُدُوا ۩ ﴿٦٢﴾

42. (നിന്റെ രക്ഷിതാവിങ്കലേക്കാണ് എല്ലാം ചെന്ന് അവസാനിക്കുന്നതെന്നും) അവനിലേക്കാണ് കാര്യങ്ങളുടെ പരിസമാപ്തി. ഉയിർത്തെഴുന്നേൽപിലും പുനരുത്ഥാനത്തിലും സൃഷ്ടികളും കാര്യങ്ങളും അവനിലേക്ക് മടങ്ങുന്നു. എല്ലാ അവസ്ഥയിലും അവനിലേക്കുതന്നെ പര്യവസാനം. അറിവും വിധിയും കാരുണ്യവും മറ്റെല്ലാം അവനിൽ അവസാനിക്കും.

43. (അവൻ തന്നെയാണ് ചിരിപ്പിക്കുകയും കരയിക്കുകയും ചെയ്തതെന്നും). കരച്ചിലിന്റെയും ചിരിയുടെയും കാരണങ്ങളുണ്ടാക്കുന്നത് അവനാണ്. അവനാണ് നന്മയും തിന്മയും സന്തോഷവും ദുഃഖവും മനോവേദനയും എല്ലാം (ഉണ്ടാക്കുന്നത്). അവൻ മഹാപരിശുദ്ധൻ. അതിലെല്ലാം സമ്പൂർണമായ യുക്തിനിയമങ്ങളുണ്ട് അവന്.

44. (അവൻതന്നെയാണ് മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്തതെന്ന്). അതായത് അവനൊരുവൻ മാത്രമാണ് ഉണ്ടാക്കുകയും ഇല്ലാതാക്കുകയും ചെയ്യുന്നത്. അവനാണ് പടപ്പുകളെ ഉണ്ടാക്കിയതും അവരോട് കൽപിച്ചതും വിരോധിച്ചതും മരണശേഷം അവരെ മടക്കുന്നതും. ഇഹലോകത്ത് അവൻ പ്രവർത്തിച്ച പ്രവർത്തനങ്ങൾക്ക് അവന് പ്രതിഫലം നൽകുകയും ചെയ്യുന്നു.

45-46. (ഇണകളെ അവനാണ് സൃഷ്ടിച്ചത്) ആ രണ്ടിണകളെ അവൻ തന്നെ വിശദീകരിക്കുന്നു (ആണും പെണ്ണും). ബുദ്ധിയുള്ളതും ഇല്ലാത്തതുമായ സകല ജീവി വർഗങ്ങളിലെയും ആണും പെണ്ണും ഇതിൽപെടും. അവൻ മാത്രമാണ് ഇവയെയെല്ലാം സൃഷ്ടിച്ചത്. (ഒരു ബീജം സ്രവിക്കപ്പെടുമ്പോൾ അതിൽ നിന്ന്). മഹത്തായ പ്രതാപം അല്ലാഹുവിന് മാത്രമുള്ളതാണെന്നതിനും അവന്റെ കഴിവിന്റെ പരിപൂർണതയ്ക്കുമുള്ള ഏറ്റവും വലിയ തെളിവാണിത്. നിസ്സാരമായ ദ്രാവകത്തിൽനിന്നുള്ള ദുർബലമായ ഒരു കണത്തിൽനിന്നാണ് ചെറുതും വലുതുമായ അനേകം ജീവിവർഗങ്ങളെ അവനുണ്ടാക്കിയത്. പിന്നീട്, അതിന് ആവശ്യമായ വളർച്ചയും പൂർണതയും നൽകി. അതിൽ മനുഷ്യനാവട്ടെ, സ്വർഗത്തിലെ ഉന്നത സ്ഥാനങ്ങളിൽ അവൻ ആയിത്തീരുന്നു. അല്ലെങ്കിൽ അധമരിൽ അധമനായ അവസ്ഥയിലേക്ക് അവൻ താഴുന്നു.

47. ഇവിടെ ആരംഭത്തെ തിരിച്ചുവരുന്നതിനുള്ള തെളിവാക്കുന്നു: (രണ്ടാമത് ജീവിപ്പിക്കുക എന്നത് അവന്റെ ചുമതലയിലാണെന്നും) കുഴിമാടങ്ങളിൽ നിന്ന് മനുഷ്യരെ അവൻ തിരിച്ചുകൊണ്ടുവരുന്നു. നിശ്ചിത ദിവസത്തിൽ അവരെ ഒരുമിച്ചുകൂട്ടുന്നു. നന്മ-തിന്മകൾക്ക് അവർക്ക് പ്രതിഫലവും നൽകുന്നു.

48. (ഐശ്വര്യം നൽകുകയും സമ്പത്ത് നൽകുകയും ചെയ്തത് അവൻ തന്നെയാണെന്നും) കച്ചവടം, വ്യത്യസ്ത ജോലികൾ ചെയ്ത് സമ്പാദിക്കൽ എന്നിവകൊണ്ട് അവരുടെ ജീവിതകാര്യങ്ങൾ അവൻ തന്റെ അടിമക്ക് എളുപ്പമാക്കിക്കൊടുത്തു. (സൂക്ഷിക്കാൻ കൊടുക്കുകയും ചെയ്തു) എല്ലാവിധ സമ്പത്തും സൂക്ഷിച്ചുവെക്കാവുന്ന, ധാരാളം വസ്തുക്കളെ അവർക്ക് ഉടമപ്പെടുത്തിക്കൊടുത്തു.

49 (അവൻ തന്നെയാണ് ശിഅ്റാ നക്ഷത്രിന്റെ രക്ഷിതാവ് എന്നുമുള്ള കാര്യങ്ങൾ) ശിഅ്റാ എന്നറിയപ്പെടുന്ന പ്രസിദ്ധ നക്ഷത്രമാണിത്. (മിർസം) എന്ന പേരുമുണ്ട്. എല്ലാറ്റിന്റെയും രക്ഷിതാവാണ് അല്ലാഹുവെങ്കിലും 'ശിഅ്റ'യെ പ്രത്യേകം എടുത്തുപറയാൻ കാരണം ജാഹിലിയ്യാ കാലത്ത് ആരാധിക്കപ്പെട്ട ഒരു നക്ഷത്രമായിരുന്നു ഇത്. മുശ്രിക്കുകൾ ആരാധിച്ചിരുന്ന ഈ ഇനത്തെ അവനാണ് പരിരക്ഷിക്കുന്നതും നിയന്ത്രിക്കുന്നതും സൃഷ്ടിച്ചതും എന്നാണ്. അപ്പോൾ എങ്ങനെയാണ് അല്ലാഹുവിന്റെ കൂടെ അവർ ആരാധ്യരെ സ്വീകരിക്കുന്നത്?

50. (ആദിമ ജനതയായ ആദിനെയും അവൻ നശിപ്പിച്ചു) ഹൂദ് നബി(ﷺ)യുടെ ജനതയായ ആദ് അദ്ദേഹത്തെ കളവാക്കിയപ്പോൾ ശക്തമായി അടിച്ചുവീശന്ന കാറ്റുകൊണ്ട് അവരെ നശിപ്പിച്ചു.

51. (സമൂദിനെയും) സ്വാലിഹ് നബി(ﷺ)യുടെ ജനതയായ സമൂദ് ഗോത്രത്തിലേക്ക് അദ്ദേഹത്തെ നിയോഗിച്ചു. അവർ അദ്ദേഹത്തെ കളവാക്കി. അപ്പോൾ അവർക്ക് ദൃഷ്ടാന്തമായി ഒരു ഒട്ടകത്തെ നിയോഗിച്ചു. അവർ അതിനെ അറുത്തുകളയുകയും അദ്ദേഹത്തെ തള്ളിക്കളയുകയും ചെയ്തു. അപ്പോൾ അല്ലാഹു അവരെ നശിപ്പിച്ചു. (ഒരാളെയും അവശേഷിപ്പിച്ചില്ല) ഒരാളെയും ബാക്കിയാക്കിയില്ല. അവരിൽ അവസാനത്തവനെയും അത് പിടികൂടി.

52. (അതിനുമുമ്പ് നൂഹിന്റെ ജനതയെയും നശിപ്പിച്ചു. തീർച്ചയായും അവർ കൂടുതൽ അക്രമവും കൂടുതൽ ധിക്കാരവും കാണിച്ചവരായിരുന്നു). ഈ സമുദായത്തിൽ പെട്ടവർ, അല്ലാഹു അവരെ നശിപ്പിക്കുകയും മുക്കിക്കളയുകയും ചെയ്തു.

53-54. (കീഴ്മേൽ മറിഞ്ഞ രാജ്യത്തെയും) ഇവർ ലൂത്വിന്റെ ജനതയാണ്. (അവൻ തകർത്തുകളഞ്ഞു). ലോകത്താർക്കും സംഭവിക്കാത്ത ശിക്ഷയാണ് അവർക്ക് ബാധിച്ചത്. വീടിന്റെ അടിഭാഗങ്ങൾ മുകളിലേക്ക് മറിച്ചിട്ടു. ചൂടുവെക്കപ്പെട്ട കല്ലുമഴ അവരുടെമേൽ വർഷിച്ചു. അതാണ് അല്ലാഹു പറഞ്ഞത്: (അങ്ങനെ ആ രാജ്യത്തെ അവൻ ഭയങ്കമായ-ശിക്ഷയുടെ-ആവരണംകൊണ്ട് പൊതിഞ്ഞു). വിശദീകരിക്കാൻ കഴിയാത്തത്ര വമ്പിച്ച ശിക്ഷ.

55. (അപ്പോൾ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെപ്പറ്റിയാണ് നീ തർക്കിക്കുന്നത്?). മനുഷ്യാ, അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽനിന്നും ഔദാര്യത്തിൽനിന്നും ഏതൊന്നിനെയാണ് നീ സംശയിക്കുന്നത്? അടിമക്കുള്ള എല്ലാ അനുഗ്രഹങ്ങളും അവനിൽ നിന്നാണ്. അവനല്ലാതെ ശിക്ഷയെ തടുക്കുകയുമില്ല.

56. (ഇദ്ദേഹം-മുഹമ്മദ് നബി-പൂർവികരായ താക്കീതുകാരുടെ കൂട്ടത്തിൽപെട്ട ഒരു താക്കീതുകാരനാകുന്നു) ക്വുറൈശിയും ഹാശിമിയും ആയ മുഹമ്മദുബ്നു അബ്ദുല്ലയാകുന്ന ഈ പ്രവാചകൻ പ്രവാചകന്മാരിൽ ആദ്യത്തെതല്ല. അദ്ദേഹത്തിന് മുമ്പ് പ്രവാചകന്മാർ മുൻകടന്നിട്ടുണ്ട്. അദ്ദേഹം ക്ഷണിക്കുന്നതിലേക്ക് തന്നെയാണ് അവരും ക്ഷണിച്ചത്. പിന്നീട് എന്ത് കാര്യത്തിനാണ് അവർ അദ്ദേഹത്തിന്റെ പ്രവാചകത്വം നിഷേധിക്കുന്നത്? അദ്ദേഹത്തിന്റെ പ്രബോധനത്തെ തള്ളിക്കളയാൻ എന്ത് തെളിവാണുള്ളത്? ആദരണീയരായ പ്രവാചകന്മാരുടെ സ്വഭാവങ്ങളിൽ ഏറെ ഉന്നതമായ സ്വഭാവത്തിന്റെ ഉടമയല്ലയോ അദ്ദേഹം. തിന്മകളെ മുഴുവൻ വിരോധിക്കുകയും മുഴുവൻ നന്മകളിലേക്കും ക്ഷണിക്കുകയുമല്ലേ അദ്ദേഹം ചെയ്യുന്നത്? സ്തുത്യർഹനും അഗാധജ്ഞാനിയുമായ അല്ലാഹുവിൽനിന്ന് അവതരിച്ച, മുന്നിൽനിന്നോ പിന്നിൽനിന്നോ യാതൊരു നിരർഥകതയും വരാത്ത വിശുദ്ധ ക്വുർആനല്ലോ അദ്ദേഹം കൊണ്ടുവന്നത്? ആദരണീയരായ പൂർവ പ്രവാചകന്മാരെ കളവാക്കിയവരെ അല്ലാഹു നശിപ്പിച്ചില്ലേ? പ്രവാചകന്മാരുടെ നേതാവും സൂക്ഷ്മത പാലിക്കുന്നവരുടെ ഇമാമും മുഖം പ്രകാശിക്കുന്നവരുടെ നായകനുമായ മുഹമ്മദ് നബി(ﷺ)യെ കളവാക്കുന്നവർക്ക് ശിക്ഷ തടയപ്പെടുന്നതെങ്ങനെ?

57. (സമീപസ്ഥമായ ആ സംഭവം ആസന്നമായിരിക്കുന്നു). അന്ത്യനാളടുത്തു. അതിന്റെ സമയമായി. അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടു (അല്ലാഹുവിന് പുറമെ അതിനെ തട്ടിനീക്കാൻ ആരുമില്ല) അന്ത്യനാൾ വരികയും അവർക്ക് വാഗ്ദത്തം ചെയ്യപ്പെട്ട ശിക്ഷ വരികയും ചെയ്താൽ

58. തുടർന്ന് മുഹമ്മദ് നബിﷺയുടെ പ്രവാചകത്വത്തെ നിഷേധിക്കുന്നവരും അദ്ദേഹം കൊണ്ടുവന്ന ക്വുർആനിനെ കളവാക്കുകയും ചെയ്യുന്നവരെ താക്കീത് ചെയ്യുകയാണ്.

59. (അപ്പോൾ ഈ വാർത്തയെപ്പറ്റി നിങ്ങൾ അത്ഭുതപ്പെടുകയും) സംസാരങ്ങളിൽ അത്യുത്തമവും ശ്രേഷ്ഠവും ആദരണീയവുമായ ഈ വർത്തമാനത്തിൽ നിങ്ങൾ അത്ഭുതപ്പെടുകയാണോ? പതിവിന് വിരുദ്ധമായ ഒരു കാര്യമാക്കുകയാണോ നിങ്ങളതിനെ? അസാധാരണ കാര്യവും പരിചിതമായ യാഥാർഥ്യങ്ങൾക്ക് വിരുദ്ധമായതുമാക്കുകയാണോ? ഇതെല്ലാം നിങ്ങളുടെ ധിക്കാരവും വഴികേടും അജ്ഞതയുമാണ്. അങ്ങനെയല്ല; അത് സംസാരിച്ചാൽ സത്യമായിരിക്കും. ഒരു വാക്ക് പറഞ്ഞാൽ അത് ഖണ്ഡിതമായിരിക്കും. അത് തമാശയല്ല, അതാണ് മഹത്തായ ക്വുർആൻ. ഒരു പർവതത്തിൽ അത് അവതരിക്കുകയാണെങ്കിൽ അത് വിനീതമാകുന്നതും അതിനെപ്പറ്റിയുള്ള ഭയത്താൽ പൊട്ടിപ്പിളരുന്നതും നിനക്ക് കാണാമായിരുന്നു. വിവേകമുള്ളവർക്കത് ബുദ്ധിയും യുക്തിയും നേരും സ്ഥൈര്യവും ദൃഢബോധ്യവും വിശ്വാസവും വർധിപ്പിക്കുന്നു. ഇതിൽ അത്ഭുതപ്പെടുന്നവന്റെ ബുദ്ധിയെയും സിദ്ധാന്തത്തെയും വഴികേടിനെയും കുറിച്ചോർത്ത് അത്ഭുതപ്പെടേണ്ടിവരും

60. (നിങ്ങൾ ചിരിച്ചുകൊണ്ടിരിക്കുകയും കരയാതിരിക്കുകയും ചെയ്യുന്നു). അതിനെ പരിഹസിക്കാനും ചിരിക്കാനും നിങ്ങൾ ധൃതി കാണിക്കുന്നു. മനസ്സുകൾ അതിനാൽ സ്വാധീനിക്കപ്പെടുകയും ഹൃദയങ്ങൾ ലോലമാവുകയും കണ്ണുകൾ കരയുകയും ചെയ്യേണ്ട സ്ഥാനത്താണ് നിങ്ങൾ ചിരിക്കുന്നത്. അതിന്റെ വിധിവിലക്കുകൾ കേൾക്കുമ്പോഴും അതിന്റെ വാഗ്ദാനങ്ങളും താക്കീതുകളും ശ്രദ്ധിക്കുമ്പോഴും നല്ലതായ അതിന്റെ സത്യമായ വിവരങ്ങൾ കാണുമ്പോഴും കണ്ണുകൾ കരഞ്ഞുപോകും.

61. (നിങ്ങൾ അശ്രദ്ധയിൽ കഴിയുകയുമാണോ?) അതിൽനിന്നും അത് ചിന്തിച്ച് പഠിക്കുന്നതിൽനിന്നും നിങ്ങൾ അശ്രദ്ധരാണ്. ഇതെല്ലാം നിങ്ങളുടെ ദീനിന്റെയും ബുദ്ധിയുടെയും കുറവുകൊണ്ടാണ്. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും എല്ലാ സമയത്തും അവന്റെ തൃപ്തി നേടുകയും ചെയ്യുകയാണെങ്കിൽ ബുദ്ധിമാന്മാർക്കുള്ള ഈ പരിണിതി നിങ്ങൾക്കുമുണ്ടാകുമായിരുന്നു.

> **'അല്ലാഹുവിന് പ്രണാമം ചെയ്യുകയും അവനെ ആരാധിക്കുകയും ചെയ്യുവിൻ' എന്ന് ക്വുർ ആൻ വചനത്തിലൂടെ സുജൂദ് ചെയ്യാൻ ക്വുർആൻ വചനത്തിലൂടെ പ്രത്യേകം കൽപിച്ചത് അതിന്റെ മഹത്ത്വത്തെ അറിയിക്കുന്നു. സുജൂദ് ആരാധനയുടെ രഹസ്യവും കാമ്പുമാണ്. അതിന്റെ ആത്മാവ് അല്ലാഹുവിന് കീഴടങ്ങലും ഭക്തി കാണിക്കലുമാണ്. ഒരു അടിമ കാണിക്കുന്ന താഴ്മയുടെ സന്ദർഭങ്ങളിൽ ഏറ്റവും ഉന്നതമാണത്. കാരണം, സുജൂദിൽ ഹൃദയവും ശരീരവും താഴ്മ കാണിക്കുന്നു. പാദങ്ങൾ വെക്കുന്ന താഴ്ന്ന തറയിൽ ശരീരാവയവങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതിനെ വെക്കുന്നു. എന്നിട്ട് ആരാധനയ്ക്ക് പൊതുവായി കൽപിക്കുന്നു. ആരാധന എന്നത് അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ വാക്കുകളും പ്രവൃത്തികളും ഉൾക്കൊള്ളുന്ന ഒരു സമ്പൂർണ പ്രയോഗമാണ്.**

62. അതാണ് അല്ലാഹു പറഞ്ഞത്: (അതിനാൽ നിങ്ങൾ അല്ലാഹുവിന് പ്രണാമം ചെയ്യുകയും അവനെ ആരാധിക്കുകയും ചെയ്യുവീൻ). സുജൂദ് ചെയ്യാൻ പ്രത്യേകം കൽപിച്ചത് അതിന്റെ മഹത്ത്വത്തെ അറിയിക്കുന്നു. അത് ആരാധനയുടെ രഹസ്യവും കാമ്പുമാണ്. അതിന്റെ ആത്മാവ് അല്ലാഹുവിന് കീഴടങ്ങലും ഭക്തി കാണിക്കലുമാണ്. ഒരു അടിമ കാണിക്കുന്ന താഴ്മയുടെ സന്ദർഭങ്ങളിൽ ഏറ്റവും ഉന്നതമാണത്. കാരണം, സുജൂദിൽ ഹൃദയവും ശരീരവും താഴ്മ കാണിക്കുന്നു. പാദങ്ങൾ വെക്കുന്ന താഴ്ന്ന തറയിൽ ശരീരാവയവങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതിനെ വെക്കുന്നു. എന്നിട്ട് ആരാധനയ്ക്ക് പൊതുവായി കൽപിക്കുന്നു. ആരാധന എന്നത് അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ വാക്കുകളും പ്രവൃത്തികളും ഉൾക്കൊള്ളുന്ന ഒരു സമ്പൂർണ പ്രയോഗമാണ്.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# ഗോത്രത്തെ നാടുകടത്തിയ സംഭവം

**മുഹമ്മദ് നബിﷺ 45**

**ബ**നൂ നദീർ, ബനൂ ക്വയ്നുക്വാഅ്, ബനൂക്വുറയ്ദ്വ തുടങ്ങിയ ജൂതഗോത്രങ്ങൾ മദീനയിൽ ഉണ്ടായിരുന്നല്ലോ. മദീനയിൽ നബിﷺ എത്തിയ ഉടനെ ഇവരുമായി ചില ഉടമ്പടികൾ ചെയ്തിരുന്നു. അതു പ്രകാരമായിരുന്നു നബിﷺ അവിടെ കഴിച്ചുകൂട്ടിയിരുന്നത്. ഞങ്ങൾക്കെതിരിൽ യുദ്ധം ചെയ്യുകയോ ഞങ്ങൾക്കെതിരിൽ ശത്രുക്കളെ സഹായിക്കുകയോ ചെയ്യരുതെന്നും, ഈ കരാർ പാലിക്കുകയാണെങ്കിൽ നിങ്ങൾക്ക് മദീനയിൽതന്നെ സമാധാന പൂർവം ജീവിക്കാം എന്നും ഈ കരാറിലുണ്ടായിരുന്നു.

യഹൂദികൾക്ക് അവരുടേതായ ചില പാരമ്പര്യ സ്വഭാവങ്ങളുണ്ട്. ചതിയും വഞ്ചനയും അവരുടെ രക്തത്തിൽ അലിഞ്ഞുചേർന്ന ദുർഗുണമാണ്. അവ

രുടെ ചരിത്രം പരിശോധിച്ചാൽ തുടക്കം മുതൽ ഇന്നു വരെയും പല ഘട്ടത്തിലും പല രൂപത്തിലും ഇക്കാര്യം തെളിഞ്ഞുനിൽക്കുന്നത് കാണാൻ സാധിക്കും. നബിﷺയോട് കരാർ എടുത്ത ഈ ജൂത ഗോത്രങ്ങൾ അൽപകാലത്തിന് ശേഷം പതുക്കെ അവരുടെ വഞ്ചന പുറത്തേക്ക് എടുക്കാൻ തുടങ്ങി. ബദ്റും ഉഹ്ദും എല്ലാം കഴിഞ്ഞു. അവയിൽ പല സ്വഹാബിമാരും കൊല്ലപ്പെട്ടു. അതിനു പുറമെ പല രൂപത്തിലായി ധാരാളം സ്വഹാബിമാർ അറുകൊലക്ക് വിധേയരാകുകയും ചെയ്തു. ഇതിലൂടെയെല്ലാം നബിﷺക്ക് വലിയ വിഷമമുണ്ടായി. ഇത് മനസ്സിലാക്കിയ യഹൂദികൾ ചില തന്ത്രങ്ങൾ മെനയാൻ ശ്രമിച്ചു. 'മുഹമ്മദിന്റെ അനുയായികളെ കൊല്ലുന്നതിന് പകരം മുഹമ്മദിനെത്തന്നെ വകവരുത്തുക' എന്നതായി അവരുടെ ലക്ഷ്യം. അതിനായി അവർ തന്ത്രങ്ങൾ ആവിഷ്കരിച്ചു. ധാരാളം പ്രവാചകന്മാരെ കൊന്ന പാരമ്പര്യമുള്ളവരാണല്ലോ യഹൂദികൾ.

കരാർ നിലനിൽക്കുന്ന ഗോത്രം എന്ന നിലയ്ക്ക് നബിﷺ പ്രമുഖരായ കുറച്ച് സ്വഹാബിമാരെയും കൂട്ടി അവരെ സമീപിച്ചു. അൽപം പണം കടമായി ആവശ്യപ്പെടലായിരുന്നു അതിന്റെ ഉദ്ദേശ്യം. റസൂൽﷺലിന്റ സ്വന്തം ആവശ്യത്തിനു വേണ്ടിയായിരുന്നില്ല ഇത്. അവിടെ നടന്ന ഒരു കൊലപാതകവുമായി ബന്ധപ്പെട്ട് ഒരു ബ്ലഡ് മണി സ്വരൂപിക്കേണ്ടതുണ്ടായിരുന്നു. തൽക്കാലം ബനൂ നദീർ ഗോത്രക്കാരിൽനിന്നും അൽപം കടം വാങ്ങാം എന്ന് വിചാരിച്ചാണ് അവരെ നബിﷺ സമീപിച്ചത്. മദീനയിലെ ഏറ്റവും വലിയ സമ്പന്ന ഗോത്രക്കാരായിരുന്നു അവർ. ബനൂ നദീറുകാർ നബിﷺയെയും സ്വഹാബിമാരെയും കണ്ട മാത്രയിൽതന്നെ വലിയ സന്തോഷത്തിലായി. വലിയ സ്വീകരണം നൽകി. നല്ല നിലയ്ക്ക് അവർ വരവേറ്റു.

നബിﷺയും സ്വഹാബിമാരും വരുന്നുണ്ടെന്ന വിവരം നേരത്തെതന്നെ അവർക്ക് ലഭിച്ചിരുന്നു. അതിനാൽ അവർ ചില കാര്യങ്ങൾ പ്ലാൻ ചെയ്തിരുന്നു. നബിﷺക്കായി അവർ ഒരു പ്രത്യേക ഇരിപ്പിടം ഒരുക്കി. ഒരു മതിലിന്റെ സമീപത്ത് തണലുള്ള ഒരു ഇടമായിരുന്നു അത്. അങ്ങനെ നബിﷺയെ ആദരിക്കുന്ന മട്ടിൽ അവർ അവിടെ ഇരുത്തി. നബിﷺയും സ്വഹാബിമാരും അവിടെ ഇരിക്കുന്നതിനിടയിൽ ഈ യഹൂദികൾ പരസ്പരം ഒരു പിറുപിറുക്കൽ...! നബിﷺ ഇരിക്കുന്ന മതിലിന് പിന്നിലൂടെ ചെന്ന് വലിയ ഒരു പാറക്കല്ല് എടുത്ത് നബിﷺയുടെ തലയിലേക്ക് എറിഞ്ഞ് ചതച്ച് കൊല്ലാനായിരുന്നു അവരുടെ പദ്ധതി. എന്നാൽ അല്ലാഹു നബിﷺക്ക് അതിനെ സംബന്ധിച്ച് വിവരം നൽകി. അവിടെ നിന്നും എഴുന്നേറ്റ് പോകാൻ അല്ലാഹു നിർദേശം നൽകി. ഉടനെ നബിﷺ അവിടെനിന്നും മദീനയിലേക്ക് നീങ്ങി. നബിﷺ എന്തിനാണ് പെട്ടെന്ന് എഴുന്നേറ്റത് എന്ന് സ്വഹാബിമാർക്ക് പോലും മനസ്സിലായില്ല. അവരോട് പോലും നബിﷺ അതിനെപ്പറ്റി പറയാതെ പെട്ടെന്ന് മദീനയിലേക്ക് നീങ്ങി. നബിﷺയെയും വിശ്വാസികളെയും വകവരുത്താനായി യഹൂദികൾ ശ്രമം നടത്തിയതിനെ സൂചിപ്പിച്ച് അല്ലാഹു ഇപ്രകാരം അറിയിക്കുന്നു:

"സത്യവിശ്വാസികളേ, ഒരു ജനവിഭാഗം നിങ്ങളുടെ നേരെ (ആക്രമണാർഥം) അവരുടെ കൈകൾ നീട്ടുവാൻ മുതിർന്നപ്പോൾ, അവരുടെ കൈകളെ നിങ്ങളിൽനിന്ന് തട്ടിമാറ്റിക്കൊണ്ട് അല്ലാഹു നിങ്ങൾക്ക് ചെയ്തുതന്ന അനുഗ്രഹം നിങ്ങൾ ഓർക്കുവിൻ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. സത്യവിശ്വാസികൾ അല്ലാഹുവിൽ മാത്രം ഭരമേൽപിക്കട്ടെ" (ക്വുർആൻ 5:11).

യഹൂദികൾ നബിﷺയെ ചതിയിലൂടെ കൊലപ്പെടുത്താൻ പല തവണ തുനിഞ്ഞിരുന്നു. എന്നാൽ എല്ലാം കാണുകയും അറിയുകയും ചെയ്യുന്ന അല്ലാഹു ആ ഘട്ടങ്ങളിലെല്ലാം നബിﷺയെ രക്ഷപ്പെടുത്തുകയാണ് ചെയ്തത്.

തന്നെ വധിക്കാൻ ശ്രമിച്ചത് നബിﷺക്ക് ബോധ്യമായി. താമസിയാതെ നബിﷺ സ്വഹാബിമാരെ ബനൂ നദീർ ഗോത്രക്കാരിലേക്ക് പറഞ്ഞുവിട്ടു. 'ഉടനെ നിങ്ങൾ മദീനയിൽനിന്നും പുറത്ത് പോകണം' എന്ന് അവരെ അറിയിച്ചു. അങ്ങനെ അവരെ മുഴുവനും മദീനയിൽ നിന്നും തുരത്തിയോടിക്കേണ്ടി വന്നു. 'തുരത്തി വിടൽ' എന്ന അർഥം വരുന്ന 'അൽഹശ്ർ' എന്ന ഒരു അധ്യായം ക്വുർആനിലുണ്ട്. ഈ അധ്യായത്തിന്റെ തുടക്കത്തിൽ ഈ സംഭവത്തെ സംബന്ധിച്ചാണ് അല്ലാഹു നമുക്ക് പറഞ്ഞുതരുന്നത്.

പത്തു ദിവസത്തിനുള്ളിൽ നിങ്ങൾ മദീന വിടണമെന്നും വിശ്വാസ വഞ്ചന നടത്തിയതിന്റെ പേരിൽ നിങ്ങളെ ഇവിടെ താമസിപ്പിക്കാൻ കൊള്ളില്ലെന്നും അറിയിച്ച് സ്വഹാബിമാർ യഹൂദികളെ വിവരം അറിയിച്ചു. അപ്പോൾ കപടവിശ്വാസികളുടെ നേതാവ് അബ്ദുല്ലാഹ് ഇബ്നു ഉബയ്യുബ്നു സലൂൽ പതുക്കെ യഹൂദികളെ സമീപിച്ചു. എന്നിട്ട് അവൻ അവരോട് പറഞ്ഞു:

'നിങ്ങൾ ഉറച്ചുനിൽക്കുകയും ചെ

റുക്കുകയും ചെയ്യുവിൻ. എന്നാൽ ഞങ്ങൾ നിങ്ങളെ വിട്ടുകൊടുക്കുകയേ ഇല്ല. ഇനി നിങ്ങൾ യുദ്ധം ചെയ്യപ്പെടുകയാണെങ്കിൽ നിങ്ങളുടെ കൂടെ ഞങ്ങളും യുദ്ധം ചെയ്യുന്നതാണ്. നിങ്ങൾ പുറത്താക്കപ്പെടുകയാണെങ്കിൽ നിങ്ങളുടെ കൂടെ ഞങ്ങളും പുറപ്പെടുന്നതാണ്.'

എന്റെ കൂടെ അറബികളിൽനിന്ന് രണ്ടായിരത്തോളം പേരുണ്ടെന്നും, ധൈര്യമായി നിങ്ങൾ നിങ്ങളുടെ കോട്ടകളിൽതന്നെ കഴിച്ചുകൂട്ടിക്കൊള്ളൂ എന്നും, ഞങ്ങൾ നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും എന്നുമെല്ലാം അബ്ദുല്ലാഹ് അവരോട് വാഗ്ദത്തം ചെയ്തു. ഈ കാര്യത്തെ സംബന്ധിച്ച് ക്വുർആൻ പ്രസ്താവിക്കുന്നത് കാണുക:

"ആ കാപട്യം കാണിച്ചവരെ നീ കണ്ടില്ലേ? വേദക്കാരിൽ പെട്ട സത്യനിഷേധികളായ അവരുടെ സഹോദരൻമാരോട് അവർ പറയുന്നു: തീർച്ചയായും നിങ്ങൾ പുറത്താക്കപ്പെട്ടാൽ ഞങ്ങളും നിങ്ങളുടെ കൂടെ പുറത്ത് പോകുന്നതാണ്. നിങ്ങളുടെ കാര്യത്തിൽ ഞങ്ങൾ ഒരിക്കലും ഒരാളെയും അനുസരിക്കുകയില്ല. നിങ്ങൾക്കെതിരിൽ യുദ്ധമുണ്ടായാൽ തീർച്ചയായും ഞങ്ങൾ നിങ്ങളെ സഹായിക്കുന്നതാണ്. എന്നാൽ തീർച്ചയായും അവർ കള്ളം പറയുന്നവരാണ് എന്നതിന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു. അവർ യഹൂദൻമാർ പുറത്താക്കപ്പെടുന്ന പക്ഷം ഇവർ (കപടവിശ്വാസികൾ) അവരോടൊപ്പം പുറത്തുപോകുകയില്ലതന്നെ. അവർ ഒരു യുദ്ധത്തെ നേരിട്ടാൽ ഇവർ അവരെ സഹായിക്കുകയുമില്ല. ഇനി ഇവർ അവരെ സഹായിച്ചാൽതന്നെ ഇവർ പിന്തിരിഞ്ഞോടും, തീർച്ച. പിന്നീട് അവർക്ക് ഒരു സഹായവും ലഭിക്കുകയില്ല. തീർച്ചയായും അവരുടെ മനസ്സുകളിൽ അല്ലാഹുവെക്കാൾ കൂടുതൽ ഭയമുള്ളത് നിങ്ങളെ പറ്റിയാകുന്നു. അവർ കാര്യം ഗ്രഹിക്കാത്ത ഒരു ജനതയായത് കൊണ്ടാകുന്നു അത്. കോട്ടകെട്ടിയ പട്ടണങ്ങളിൽ വെച്ചോ മതിലുകളുടെ പിന്നിൽനിന്നോ അല്ലാതെ അവർ ഒരുമിച്ച് നിങ്ങളോട് യുദ്ധം ചെയ്യുകയില്ല. അവർ തമ്മിൽ തന്നെയുള്ള പോരാട്ടം കടുത്തതാകുന്നു. അവർ ഒരുമിച്ചാണെന്ന് നീ വിചാരിക്കുന്നു. അവരുടെ ഹൃദയങ്ങൾ ഭിന്നിപ്പിലാകുന്നു. അവർ ചിന്തിച്ചു മനസ്സിലാക്കാത്ത ഒരു ജനതയായതുകൊണ്ടത്രെ അത്. അവർക്കു മുമ്പ് അടുത്തുതന്നെ കഴിഞ്ഞുപോയവരുടെ സ്ഥിതി പോലെത്തന്നെ. അവർ ചെയ്തിരുന്ന കാര്യങ്ങളുടെ ദുഷ്ഫലം അവർ ആസ്വദിച്ചുകഴിഞ്ഞു. അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ട്. പിശാചിന്റെ അവസ്ഥ പോലെ തന്നെ. മനുഷ്യനോട്, നീ അവിശ്വാസിയാകൂ എന്ന് അവൻ പറഞ്ഞ സന്ദർഭം. അങ്ങനെ അവൻ അവിശ്വസിച്ചു കഴിഞ്ഞപ്പോൾ അവൻ (പിശാച്) പറഞ്ഞു: തീർച്ചയായും ഞാൻ നീയുമായുള്ള ബന്ധത്തിൽനിന്ന് വിമുക്തനാകുന്നു. തീർച്ചയായും ലോകരക്ഷിതാവായ അല്ലാഹുവെ ഞാൻ ഭയപ്പെടുന്നു. അങ്ങനെ അവർ ഇരുവരുടെയും പര്യവസാനം അവർ നരകത്തിൽ നിത്യവാസികളായി കഴിയുക എന്നതായിത്തീർന്നു. അതത്രെ അക്രമകാരികൾക്കുള്ള പ്രതിഫലം" (ക്വുർആൻ 59:11-17).

കപടവിശ്വാസികളുടെ വാഗ്ദാനത്തിൽ ജൂതന്മാർ വഞ്ചിതരായി. അവർ അവരുടെ കോട്ടക്കകത്ത് തന്നെ നിലയുറപ്പിച്ചു. പുറത്ത് കടക്കാൻ കൂട്ടാക്കിയില്ല. നബിﷺയും സ്വഹാബിമാരും അവരെ ഉപരോധിച്ചു. കോട്ടക്കകത്തുനിന്നും ഇറങ്ങി മദീനയിൽനിന്നും പുറത്ത് കടക്കാൻ കൽപിച്ചു. അതിന് യഹൂദികൾ കൂട്ടാക്കിയില്ല. ഇരുപത്തി ഒന്ന് ദിവസം നബിﷺയും സ്വഹാബിമാരും അവരുടെ കോട്ടകൾ വളഞ്ഞു. രക്ഷയില്ലെന്ന് മനസ്സിലാക്കിയ യഹൂദികൾ നബിﷺയോട് സന്ധിക്ക് അപേക്ഷിച്ചു. നബിﷺ അത് അംഗീകരിച്ചില്ല. നിങ്ങൾ മദീന വിട്ട് പോയേ പറ്റൂ എന്ന് അവിടുന്ന് അവരോട് നിർബന്ധിച്ചു.

വലിയ സമ്പന്നരായിരുന്നല്ലോ അവർ. അതിനാൽ ഓരോ മുമ്മൂന്ന് വീട്ടുകാർക്കും ഓരോ ഒട്ടകത്തിന് വഹിക്കാൻ സാധിക്കുന്നത്ര സാധനങ്ങൾ നിങ്ങൾക്ക് കൊണ്ടുപോകാം എന്നും അവരോട് നബിﷺ അവിടെനിന്നും ഇറങ്ങിപ്പോകുന്ന വേളയിൽ നിർദേശിച്ചു. യുദ്ധസാമഗ്രികളായ യാതൊന്നും അതിൽ ഉണ്ടാകരുതെന്നും വീട്ടുസാധനങ്ങൾ മാത്രമെ അതിൽ ഉണ്ടാകാവൂ എന്നും പ്രത്യേകിച്ച് അവരോട് നബിﷺ പറഞ്ഞു.

കോട്ടക്ക് അകത്തുതന്നെ ഇരിപ്പുറപ്പിച്ച അവരെ പുറത്തിറക്കാനായി അവരുടെ ഈത്തപ്പനകൾ മുറിച്ചു കളയാനായി നബിﷺ സ്വഹാബിമാരോട് കൽപിച്ചു. ഫല വൃക്ഷങ്ങൾ നശിപ്പിക്കരുത് എന്നതാണ് പ്രവാചക അധ്യാപനം. പക്ഷേ, ശത്രുക്കൾ പുറത്തിറങ്ങാൻ അത് ചെയ്യേണ്ടിവന്നു. അവസാനം മദീന വിട്ടു പോകാൻ യഹൂദികൾ നിർബന്ധിതരായി. നബിﷺ കൽപിച്ചത് പോലെ വീട്ടുസാധനങ്ങളെല്ലാം തയ്യാറാക്കി. അവശേഷിച്ചവ 'മുഹമ്മദിനും കൂട്ടർക്കും ഉപയോഗിക്കാൻ കിട്ടരുത്' എന്ന നിലയ്ക്ക് അവർ പരമാവധി നശിപ്പിച്ചു. എന്നിട്ടും

അമ്പത് പടയങ്കികളും അമ്പത് പടത്തൊപ്പികളും അടങ്ങുന്ന കറച്ചുയുദ്ധ സാമഗ്രികളും മറ്റു സ്വത്തുക്കളും യുദ്ധാർജിത സ്വത്തായി (ഗ്വനീമത്ത്) വിശ്വാസികൾക്ക് ലഭിച്ചു.

ഇതാണ് 'ബനൂന്നദീർ യുദ്ധം' എന്ന പേരിൽ അറിയപ്പെടുന്നത്. അവർതന്നെ ചോദിച്ചുവാങ്ങിയ ഒന്നായിരുന്നു ഇത്. ഈ ചരിത്രം വളച്ചൊടിച്ച്, സ്വന്തം നാട്ടിൽ ജീവിക്കുന്നവരെ ആട്ടിപ്പുറത്താക്കിയ കണ്ണിൽ ചോരയില്ലാത്തവനാണ് മുഹമ്മദെന്നും ഇതാണോ കാരുണ്യത്തിന്റെ മതം എന്നുമെല്ലാം ചില വിമർശകർ ചോദിക്കാറുണ്ട്. സമാധാനത്തോടെ നാട്ടിൽ ജീവിക്കാനായി പരസ്പരമുണ്ടാക്കിയ കരാർ ലംഘിച്ച് ചതിയിലൂടെ നബിﷺയെ വധിക്കാൻ ശ്രമിച്ചപ്പോഴാണ് അവരെ മദീനയിൽനിന്നും നബിﷺ പുറത്താക്കാൻ തയ്യാറായത് എന്ന കാര്യം ഇക്കൂട്ടർ മനഃപൂർവം കണ്ടില്ലെന്ന് നടിക്കുകയാണ്. അവരെ ഉപദ്രവിക്കാതെ നാടു വിടാൻ കൽപിക്കുക മാത്രമാണ് നബിﷺ ചെയ്തത് എന്ന കാര്യം ഓർക്കുക. അത് നബിﷺയുടെ കാരുണ്യത്തെയാണ് അറിയിക്കുന്നത്. ആ സംഭവത്തെ പറ്റി ക്വുർആൻ വിശദീകരിക്കുന്നത് കാണുക:

"വേദക്കാരിൽ പെട്ട സത്യനിഷേധികളെ ഒന്നാമത്തെ തുരത്തിയോടിക്കലിൽതന്നെ അവരുടെ വീടുകളിൽനിന്നു പുറത്തിറക്കിയവൻ അവനാകുന്നു. അവർ പുറത്തിറങ്ങുമെന്ന് നിങ്ങൾ വിചാരിച്ചിരുന്നില്ല. തങ്ങളുടെ കോട്ടകൾ അല്ലാഹുവിൽനിന്ന് തങ്ങളെ പ്രതിരോധിക്കുമെന്ന് അവർ വിചാരിച്ചിരുന്നു. എന്നാൽ അവർ കണക്കാക്കാത്ത വിധത്തിൽ അല്ലാഹു അവരുടെ അടുക്കൽ ചെല്ലുകയും അവരുടെ മനസ്സുകളിൽ ഭയം ഇടുകയും ചെയ്തു. അവർ സ്വന്തം കൈകൾകൊണ്ടും സത്യവിശ്വാസികളുടെ കൈകൾകൊണ്ടും അവരുടെ വീടുകൾ നശിപ്പിച്ചിരുന്നു. ആകയാൽ കണ്ണുകളുള്ളവരേ, നിങ്ങൾ ഗുണപാഠം ഉൾകൊള്ളുക" (ക്വുർആൻ 59:2).

യഹൂദികളെ ആദ്യമായി അവരുടെ വീടുകളിൽനിന്ന് പുറത്താക്കിയ സംഭവം ഇതായിരുന്നു. എന്നാൽ ക്വുർആൻ സൂചിപ്പിച്ചതുപോലെ അതിനു പുറമെ മറ്റു സന്ദർഭങ്ങളിലും അവർ ആട്ടി പുറത്താക്കപ്പെട്ടിട്ടുണ്ട്.

യഹൂദികൾ വിചാരിച്ചത് മുസ്‌ലിംകൾക്ക് അവരെ അവരുടെ കോട്ടകളിൽനിന്നും പുറത്താക്കാൻ സാധിക്കില്ല എന്നാണ്. അപ്രകാരം മുസ്‌ലിംകളും വിചാരിച്ചു. എന്നാൽ അത് സംഭവിച്ചു. അവരുടെ മനസ്സിൽ ഭീതിയുണ്ടായി. പുറത്ത് കടക്കേണ്ട അവസ്ഥ വന്നു. അങ്ങനെ അവരുടെ സാമഗ്രികളെല്ലാം ആവും വിധം അവർ നശിപ്പിച്ചു. പുറത്ത് അവരുടെ ഈത്തപ്പനകൾ മുസ്‌ലിംകളുടെ കൈകളാലും നശിപ്പിക്കപ്പെട്ടു.

"അല്ലാഹു അവരുടെമേൽ നാടുവിട്ടുപോക്ക് വിധിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഇഹലോകത്തുവെച്ച് അവൻ അവരെ ശിക്ഷിക്കുമായിരുന്നു. പരലോകത്ത് അവർക്കു നരകശിക്ഷയുമുണ്ട്. അത് അല്ലാഹുവോടും അവന്റെ റസൂലിനോടും അവർ മത്സരിച്ചു നിന്നതിന്റെ ഫലമത്രെ. വല്ലവനും അല്ലാഹുവുമായി മത്സരിക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു. നിങ്ങൾ വല്ല ഈന്തപ്പനയും മുറിക്കുകയോ അല്ലെങ്കിൽ അവയെ അവയുടെ മുരടുകളിൽ നിൽക്കാൻ വിടുകയോ ചെയ്യുന്ന പക്ഷം അത് അല്ലാഹുവിന്റെ അനുമതി പ്രകാരമാണ്. അധർമകാരികളെ അപമാനപ്പെടുത്തുവാൻ വേണ്ടിയുമാണ്'' (ക്വുർആൻ 59:3-5).

അല്ലാഹുവിനോടും അവന്റെ റസൂലിനോടും എതിരിട്ടത് കാരണമാണ് അവർക്ക് ഇതെല്ലാം സംഭവിച്ചത്. അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും എതിരിടുന്നവർക്ക് ഇപ്രകാരം അല്ലാഹു ഒരുക്കി വെച്ചിട്ടുണ്ടെന്ന് ക്വുർആൻ മറ്റൊരിടത്തും വ്യക്തമാക്കിയിട്ടുണ്ട്: "തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്കുതന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!" (ക്വുർആൻ 4:115).

തൗറാത്ത് പഠിച്ച, അവസാനത്തെ പ്രവാചകനെ പ്രതീക്ഷിച്ചിരുന്ന യഹൂദികൾ സത്യം മനസ്സിലാക്കിയതിന് എതിരു കാണിച്ചപ്പോൾ അല്ലാഹു അവരെ എന്നെന്നേക്കുമായി ശപിക്കുകയാണ് ചെയ്തത്. ഇത് എല്ലാവർക്കും പാഠമാണ്. ഒരു സത്യം മനസ്സിലാക്കിയിട്ട് അതിനെതിരായി മനഃപൂർവം നിന്നാൽ അല്ലാഹു അവനെ കൈവിടുന്നതാണ്. അതിനാൽ അല്ലാഹുവിന്റെയോ റസൂലിന്റെയോ കൽപനയെ ചോദ്യം ചെയ്യാതെ, പരിഹസിക്കാതെ, അവഗണിക്കാതെ ജീവിക്കാൻ ഓരോ വിശ്വാസിയും തയ്യാറാകേണ്ടതുണ്ട്.

ഡോ. ടി.കെ യൂസുഫ്
tkyoosuf@hotmail.com

ലേഖനം



# ഇസ്‌ലാമിക വ്യക്തിത്വം: മദ്‌റസാ പഠനത്തിന്റെ പ്രതിഫലനങ്ങൾ

മലബാറിലെ മാപ്പിള മക്കളിൽ മഹാഭൂരിപക്ഷവും മദ്‌റസ പഠനം പൂർത്തിയാക്കിയവരാണ്. രാവിലെയും രാത്രിയിലും മദ്‌റസയിൽ പോയവരും രാവിലെ മാത്രം പോയവരും ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രം മതം പഠിച്ചവരും ഇക്കൂട്ടത്തിലുണ്ട്. വീടുകളിലേക്ക് ഉസ്താദുമാരെ വരുത്തി പഠിച്ചവരും ഇല്ലാതില്ല. കേരളത്തിലെ എല്ലാ മത സംഘടനകൾക്കും മദ്‌റസാ വിദ്യാഭ്യാസത്തിന് പ്രത്യേക വകുപ്പും പാഠ്യപദ്ധതിയുമുണ്ട് എന്നത് ശുഭോതർക്കമാണ്.

മദ്റസാ പഠനം പൂർത്തിയാക്കിയ ചെറുപ്പക്കാരുടെ ധാർമിക, സദാചാര ജീവിതത്തിൽ മതപഠനം വല്ല സ്വാധീനവും ചെലുത്തുന്നുണ്ടോ? ഇസ്‌ലാമിക ശരീഅത് കഠിനശിക്ഷകൾ വിധിക്കുന്ന അക്രമം, കൊലപാതകം, മോഷണം, വ്യഭിചാരം എന്നീ കുറ്റകൃത്യങ്ങളിൽ പിടിക്കപ്പെടുന്ന മുസ്‌ലിം ചെറുപ്പക്കാർ മദ്റസയിലും ഓത്തുപള്ളിയിലും പോകാത്തവരാണോ? മദ്റസയിൽ പഠിച്ച മുസ്‌ലിം കുട്ടികൾക്ക് മതപഠനം ലഭിച്ചിട്ടില്ലാത്ത ഹിന്ദു കുട്ടികളെ അപേക്ഷിച്ച് വല്ല സവിശേഷതകളുമുണ്ടോ?

കേരളത്തിൽ അല്ലെങ്കിൽ മലബാറിൽ ഉള്ളത് പോലുള്ള അടുക്കും ചിട്ടയുമുള്ള ഒരു മദ്റസാ പഠനം ലോകത്ത് മറ്റെവിടെയെങ്കിലും കാണപ്പെടുമോ എന്ന കാര്യം സംശയമാണ്. ക്വുർആനും സുന്നത്തും വിശദമായി പഠിപ്പിക്കപ്പെടുന്നില്ലെങ്കിലും അവയിലെ പ്രധാന തത്ത്വങ്ങളുടെ സാരാംശങ്ങൾ മദ്റസാ പാഠ പുസ്തകങ്ങളിൽ അടങ്ങിയിട്ടുണ്ട്. മദ്റസാ പഠനം പൂർത്തിയാക്കിയ ഒരു വിദ്യാർഥിക്ക് ക്വുർആൻ, ഹദീഥ്, വിശ്വാസ കാര്യങ്ങൾ, കർമശാസ്ത്ര വിധികൾ, ഇസ്‌ലാമിക ചരിത്രം, സ്വഭാവകാര്യങ്ങൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് അത്യാവശ്യ വിവരങ്ങൾ ഉണ്ടാകും. എന്നാൽ ഇസ്‌ലാമിക വ്യക്തിത്വവും ഐഡന്റിറ്റിയും കാത്തുസൂക്ഷിക്കുന്നവരായി ഇവരിൽ വളരെ ചെറിയ ഒരു ന്യൂനപക്ഷം മാത്രമാണുള്ളത്.

കേരളത്തിലെ ഗവർമെന്റ്, എയിഡഡ് സ്‌കൂളുകളിൽ വിവിധ മദ്റസകളിൽ പഠനം നടത്തുന്ന മുസ്‌ലിം വിദ്യാർഥികളും, മദ്റസകളിലും പള്ളിദർസുകളിലും മതപഠനം നടത്താത്ത അമുസ്‌ലിം വിദ്യർഥികളും പഠിക്കുന്നുണ്ട്. ഇത്തരം കലാലയങ്ങളിലെ അച്ചടക്ക, ധാർമിക, സദാചാര, പഠന രംഗങ്ങളിൽ മദ്റസാ വിദ്യാർഥികളിൽ അൽപം ചിലരിലൊഴിച്ച് പറയത്തക്ക സവിശേഷതകൾ ഒന്നും കാണപ്പെടുന്നില്ല. എന്നല്ല അപൂർവം ചില അവസരങ്ങളിൽ മദ്റസാ വിദ്യാർഥികൾ മതത്തിന് നിരക്കാത്തത് ചെയ്ത് പറയിപ്പിക്കാറുമുണ്ട്.

ഇസ്‌ലാമിക വ്യക്തിത്വം എന്ന് പറയുമ്പോൾ അതിന് പ്രധാനമായും രണ്ടു തലങ്ങളാണുള്ളത്. ഒന്ന് ഇസ്‌ലാം പഠിപ്പിക്കുന്ന ധാർമിക, സദാചാര മൂല്യങ്ങൾ മുറുകെപിടിച്ച് ഭക്തരായി ജീവിക്കുക എന്നതാണ്. രണ്ടാമത്തേത് വസ്ത്രധാരണത്തിലും വേഷവിധാനത്തിലും മുസ്‌ലിം ഐഡന്റിറ്റി കാത്തുസൂക്ഷിക്കുക എന്നതും. ഇവയിൽ ധാർമിക, സദാചാര മൂല്യങ്ങൾ ഓരോ മനുഷ്യനും നൈസർഗിക മായി നൽകപ്പെടുന്നതാണെന്നാണ് ക്വുർആൻ വ്യക്തമാക്കുന്നത്.

അല്ലാഹു പറയുന്നു: “മനുഷ്യാസ്തിത്വവും അതിനെ സംവിധാനിച്ച രീതിയും തന്നെയാണ് സത്യം. എന്നിട്ട് അതിന് അതിന്റെ ദുഷ്ടതയും അതിന്റെ സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധം നൽകുകയും ചെയ്തു. തീർച്ചയായും അതിനെ പരിശുദ്ധമാക്കിയവൻ വിജയിച്ചിരിക്കുന്നു. അതിനെ കളങ്കപ്പെടുത്തിയവൻ നിർഭാഗ്യമടയുകയും ചെയ്തു” (അശ്ശംസ്:7-10).

**കേരളത്തിൽ അല്ലെങ്കിൽ മലബാറിൽ ഉള്ളത് പോലുള്ള അടുക്കും ചിട്ടയുമുള്ള ഒരു മദ്റസാ പഠനം ലോകത്ത് മറ്റെവിടെയെങ്കിലും കാണപ്പെടുമോ എന്ന കാര്യം സംശയമാണ്. ക്വുർആനും സുന്നത്തും വിശദമായി പഠിപ്പിക്കപ്പെടുന്നില്ലെങ്കിലും അവയിലെ പ്രധാന തത്ത്വങ്ങളുടെ സാരാംശങ്ങൾ മദ്റസാ പാഠ പുസ്തകങ്ങളിൽ അടങ്ങിയിട്ടുണ്ട്. മദ്റസാ പഠനം പൂർത്തിയാക്കിയ ഒരു വിദ്യാർഥിക്ക് ക്വുർആൻ, ഹദീഥ്, വിശ്വാസ കാര്യങ്ങൾ, കർമശാസ്ത്ര വിധികൾ, ഇസ്‌ലാമിക ചരിത്രം, സ്വഭാവകാര്യങ്ങൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് അത്യാവശ്യ വിവരങ്ങൾ ഉണ്ടാകും. എന്നാൽ ഇസ്‌ലാമിക വ്യക്തിത്വവും ഐഡന്റിറ്റിയും കാത്തുസൂക്ഷിക്കുന്നവരായി ഇവരിൽ വളരെ ചെറിയ ഒരു ന്യൂനപക്ഷം മാത്രമാണുള്ളത്.**

ഓരോ മനുഷ്യനും നന്മതിന്മകളെക്കുറിച്ചുള്ള ബോധം ജന്മസിദ്ധമായി നൽകപ്പെട്ടിരിക്കുന്നു എന്നാണ് ക്വുർആൻ പ്രഖ്യാപിക്കുന്നത്. നാഗരികതയും വിദ്യാഭ്യാസവുമുള്ള പരിഷ്‌കൃത സമൂഹത്തിലും കാടുകളിൽ ജീവിക്കുന്ന അപരിഷ്‌കൃതരിലും നമുക്ക് ധാർമികത ദർശിക്കാൻ കഴിയും. നാഗരികതയിൽനിന്നും വിദൂരത്ത് താമസിക്കുന്ന ആദിവാസികൾ മദ്റസയിൽ പോകുകയോ മതപഠനം നടത്തുകയോ ചെയ്യുന്നില്ല. എങ്കിലും ചില സദാചാര നിയമങ്ങൾ അവർ ജീവിതത്തിൽ പുലർത്തിവരുന്നതായി നമുക്ക് കാണാം. കളവ്, വഞ്ചന, വ്യഭിചാരം, കൊലപാതകം പോലുള്ളവയെയെല്ലാം അവർ പാപമായിട്ട് തന്നെയാണ് ഗണിക്കുന്നത്. സദാചാര രംഗത്ത് കുത്തഴിഞ്ഞ ജീവിതം നയിക്കുന്ന പാശ്ചാത്യരുടെ കാര്യം പരിശോധിക്കുകയാണെങ്കിൽ ലൈംഗിക അപവാദത്തിലും വഴിവിട്ട ബന്ധങ്ങളിലും അകപ്പെട്ടവരെ തെരഞ്ഞെടുപ്പ് രംഗത്തും മറ്റും അ

യോഗ്യതയുള്ളവരായി കണക്കാക്കുന്നതായി കാണാം. വ്യക്തിജീവിതത്തിൽ ധാർമികത പുലർത്താത്തവർ പലപ്പോഴും തെരഞ്ഞെടുപ്പുകളിൽ പരാജയപ്പെടാറാണുള്ളത്.

മൂല്യങ്ങളെ വളർത്താനും പരിപോഷിപ്പിക്കാനും മാത്രമെ വിദ്യാഭ്യാസത്തിലൂടെ സാധ്യമാവുകയുള്ളൂ. മദ്റസിയിൽ പോകാത്ത അന്യമതസ്ഥരായ കുട്ടികൾ കലാലയങ്ങളിൽ അച്ചടക്കവും ധാർമികതയും പുലർത്തുന്നത് ഈ ദൈവികമായ നൈസർഗിക ബോധം കൊണ്ടാണ്.

വിദ്യാർഥികളുടെ ധാർമിക, സദാചാര മൂല്യങ്ങൾ പരിപോഷിപ്പിക്കുന്ന രംഗത്ത് മദ്റസാഅധ്യാപർക്ക് പ്രവാചകന്മാരുടെ ദൗത്യമാണ് നിർവഹിക്കാനുള്ളത്. തങ്ങളുടെ ദൗത്യത്തെക്കുറിച്ചും ഉത്തരവാദിത്തത്തെക്കുറിച്ചുമുള്ള അറിവ് അവർക്കില്ലാതെ പോകുമ്പോൾ കുട്ടികളുടെ ധാർമിക നിലവാരം മദ്റസ കാണാത്തവരെക്കാളും താഴ്ന്നതായിരിക്കും.

ജാഹിലിയ്യ കാലത്ത് മദ്യത്തിലും മദിരാക്ഷിയിലും യുദ്ധങ്ങളിലും മുഴുകിയിരുന്ന ജനതയെ പ്രവാചകൻﷺ ക്വുർആൻ വചനങ്ങളിലൂടെ സംസ്കരിച്ച് ലോകോത്തര സമുദായമായി മറ്റിയെന്ന് പറഞ്ഞ് നാം ഗർവ് നടിക്കുമ്പോഴും അത്രയൊന്നും അപരിഷ്കൃതമല്ലാത്ത നമ്മുടെ കുഞ്ഞുങ്ങളെ ജാഹിലിയ്യത്തിന്റെ വക്താക്കളായി മാറുന്നതിൽനിന്നും നമുക്ക് രക്ഷിക്കാൻ കഴിയുന്നുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്.

പ്രവാചക ദൗത്യത്തെ കുറിച്ച് അല്ലാഹു പറയുന്നുത് ഇപ്രകാരമാണ്: "തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽനിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതി കേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന ഒരു ദൂതനെ. അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു" (ക്വുർആൻ 3:164).

മദ്റസയിൽ ഉസ്താദുമാർ വേദം ഓതിക്കൊടുക്കുന്നുണ്ടെങ്കിലും വിദ്യാർഥികളെ സംസ്കരിക്കാത്തത് കൊണ്ടാണ് ധാർമിക മൂല്യങ്ങളുടെ രംഗത്ത് അവർ പിറകിലാകുന്നത്. വേദവചനങ്ങൾ പാരായണം ചെയ്തതുകൊണ്ട് മാത്രം ആരും സംസ്കാര സമ്പന്നരായിത്തീരുകയില്ല. അതുകൊണ്ടാണ് ക്വുർആൻ പ്രവാചക ദൗത്യമായ ഓതിക്കേൾപിക്കുക, സംസ്കരിക്കുക, പഠിപ്പിക്കുക എന്നീ മൂന്ന് കാര്യങ്ങളും പ്രത്യേകമായി എടുത്ത് പറയുന്നത്. നമ്മുടെ ഉസ്താദുമാർ വിദ്യാർഥികൾക്ക് ദൈവ വചനങ്ങൾ ഓതിക്കേൾപിക്കുക, പഠിപ്പിക്കുക എന്നീ രണ്ട് കാര്യങ്ങൾ സാമാന്യം ഭംഗിയായി നിർവഹിക്കുന്നുണ്ടെങ്കിലും, സംസ്കരിക്കുക എന്ന കടമ കൃത്യമായി നിർവഹിക്കുന്നില്ല. കാരണം എങ്ങനെയാണ് അത് നിർവഹിക്കേണ്ടത് എന്നവർക്ക് നിശ്ചയമില്ല. (എല്ലാവരും ഇങ്ങനെയാണ് എന്നല്ല പറയുന്നത്).

മദ്റസാ അധ്യാപകർ അറിവില്ലാത്തവരും അയോഗ്യരുമാണെന്ന് എനിക്ക് അഭിപ്രായമില്ല. പക്ഷേ, അവർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതും അവർക്ക് ചെയ്യാൻ കഴിയുന്നതും തമ്മിലുള്ള അന്തരം ഇല്ലാതാക്കിയാൽ വിദ്യാർഥികളുടെ നിലവാരം മെച്ചപ്പെടുത്താൻ കഴിയും. ഈ സമുദായത്തിന്റെ ഭാവി തലമുറകളെ വാർത്തെടുക്കേണ്ട കളിമണ്ണ് ഇപ്പോൾ എന്റെ കയ്യിലാണ് എന്ന ബോധം ഓരോ മദ്റസാ അധ്യാപനും ഉണ്ടായിരിക്കേണ്ടതാണ്. മുസ്‌ലിം സമുദായത്തിന് അവരുടെ മതവിജ്ഞാനത്തിന്റെ സിംഹഭാഗവും ലഭിക്കുന്നത് മദ്റസകളിൽനിന്ന് തന്നെയാണ്. തുടർ മതപഠനം നടത്തുന്നവർക്കുള്ള അടിത്തറയും ഈ



വിദ്യാഭ്യാസം തന്നെയാണ്. ഈ ഉത്തരവാദിത്ത ബോധമില്ലാതെ കേവലം ഒരു ഏർപ്പാട് എന്ന നിലക്കാണ് പല അധ്യാപകരും അധ്യയനത്തിലേർപ്പെടുന്നത്. അധ്യാപകരുടെ സേവന, വേതന വ്യവസ്ഥകളിലെ അപര്യാപ്തതകൾ ഒരു കാരണവശാലും അവരുടെ ദൗത്യനിർവഹണ രംഗത്ത് ഒരു തടസ്സമായി നിൽക്കാൻ പാടില്ല. വളരെ നല്ല മനസ്സോടെ ആത്മാർഥമായി അവർ തങ്ങളുടെ കടമ നിർവഹിക്കുകയാണെങ്കിൽ പാരത്രിക ജീവിതത്തിൽ ഇത് ഒരു മുതൽക്കൂട്ടായി മാറുന്നതാണ്.

ഇസ്‌ലാമിക വ്യക്തിത്വത്തിന്റെ രണ്ടാമത്തെ പ്രതിഫലനം ഇസ്‌ലാമിക വസ്ത്രധാരണ രീതിയാണ്. മുസ്‌ലിംകൾക്ക് ഒരു പ്രത്യേക വസ്ത്രമോ വേഷമോ ഇല്ല. ഏത് വസ്ത്രവും അവർക്ക് ധരിക്കാവുന്നതാണ്. പെൺകുട്ടികളാണെങ്കിൽ മുഖവും മുൻകയ്യും ഒഴികെയുള്ള ഭാഗങ്ങൾ മറച്ചിരിക്കണമെന്ന് മാത്രം. ആൺകുട്ടികൾ അവരുടെ വസ്ത്രം ഞെരിയാണിക്ക് താഴെ വലിച്ചിഴക്കുകയും ചെയ്യരുത്. ഒരു വിശ്വാസിയുടെ വസ്ത്രം അവന്റെ കണങ്കാലിന്റെ പകുതിവരെയാണ്. ഞെരിയാണി വരെ ആകുന്നതിന് വിരോധമില്ല, ഞെരിയാണിക്ക് കീഴെ വരുന്നത് നരകത്തിലാണ് എന്ന വസ്തുത ധാരാളം ഹദീഥുകളിൽ വ്യക്തമാക്കപ്പെട്ടതാണ്. ആദ്യകാലത്ത് മദ്റസാ അധ്യാപകർ ഈ കാര്യത്തിൽ കാർക്കശ്യം പുലർത്തിയിരുന്നു. എന്നാൽ ഇന്ന് അധ്യാപരിൽ ബഹുഭൂരിഭാഗവും വസ്ത്രധാരണത്തിന്റെ രംഗത്ത് മാതൃകായോഗ്യരല്ല എന്ന് പറയേണ്ടിവരും. യാതൊരു മുതൽമുടക്കും അധ്വാനവും ആവശ്യമില്ലാത്ത, അനുഷ്ഠിക്കാൻ പറ്റുന്ന വളരെ ലഘുവായ ഇക്കാര്യത്തിൽ പോലും പ്രവാചക നിർദേശങ്ങൾ പാലിക്കാൻ കഴിയാതെ പോകുന്നുവെന്നത് മദ്റസാ വിദ്യാർഥികളെ സംബന്ധിച്ച് ഒരു വിരോധാഭാസമാണ്. കേരളത്തിലെ മുസ്‌ലിം ചെറുപ്പക്കാരിൽ നല്ലൊരു ശതമാനവും വസ്ത്രധാരണത്തിന്റെ കാര്യത്തിലെ പ്രവാചക നിർദേശങ്ങൾ പാലിക്കാത്തവരാണ്. യഥാസ്ഥിതികരുടെ മദ്റസാ അധ്യാപകർ വസ്ത്രധാരണത്തിന്റെ കാര്യത്തിൽ മാതൃകയാണെങ്കിലും അവരിൽ നിന്ന് പഠിച്ച് പുറത്തിറങ്ങുന്ന നല്ലൊരു ശതമാനവും ഇത് ജീവിത്തിൽ പകർത്താത്തവരാണ്.

ഉത്തരേന്ത്യയിലെ മദ്റസകളിൽ പഠിച്ച മൗലാനമാർ വേഷത്തിന്റെ കാര്യത്തിൽ നൂറ് ശതമാനവും ഇസ്‌ലാമികമായിരിക്കും. തൊപ്പിയും താടിയും പൈജാമയും കുർത്തയും അവരുടെ ജീവിതത്തിന്റെ ഒരു ഭാഗം തന്നെയായിരിക്കും. ഇസ്‌ലാമിക സംസ്കാരത്തിലും ധാർമിക മൂല്യങ്ങളിലും അവർ അത്രയൊന്നും മികവ് പുലർത്തുന്നില്ല എന്നാണ് അനുമാനം. ഉത്തരേന്ത്യയിലെ അല്ലെങ്കിൽ കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിലെ മദ്റസാ വിദ്യാർഥികളെ അമുസ്‌ലിം വിദ്യാർഥികളിൽനിന്നും ഒറ്റനോട്ടത്തിൽ തന്നെ വേർതിരിച്ചറിയാൻ കഴിയും. എന്നാൽ കേരളത്തിൽ പൊതുവെ ഈ വേർതിരിവ് കാണാൻ സാധ്യമല്ല.

**“ മുസ്‌ലിംകൾക്ക് ഒരു പ്രത്യേക വസ്ത്രമോ വേഷമോ ഇല്ല. ഏത് വസ്ത്രവും അവർക്ക് ധരിക്കാവുന്നതാണ്. പെൺകുട്ടികളാണെങ്കിൽ മുഖവും മുൻകയ്യും ഒഴികെയുള്ള ഭാഗങ്ങൾ മറച്ചിരിക്കണമെന്ന് മാത്രം. ആൺകുട്ടികൾ അവരുടെ വസ്ത്രം ഞെരിയാണിക്ക് താഴെ വലിച്ചിഴക്കുകയും ചെയ്യരുത്. ഒരു വിശ്വാസിയുടെ വസ്ത്രം അവന്റെ കണങ്കാലിന്റെ പകുതിവരെയാണ്. ഞെരിയാണി വരെ ആകുന്നതിന് വിരോധമില്ല, ഞെരിയാണിക്ക് കീഴെ വരുന്നത് നരകത്തിലാണ് എന്ന വസ്തുത ധാരാളം ഹദീഥുകളിൽ വ്യക്തമാക്കപ്പെട്ടതാണ്. ”**

ഇസ്‌ലാമിക വ്യക്തിത്വം എന്നത് കേവലം വേഷവിധാനത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. വാക്കിലും വിചാരത്തിലും കർമങ്ങളിലും സ്വഭാവത്തിലും പെരുമാറ്റത്തിലുമെല്ലാം അത് ദൃശ്യമാകേണ്ടതുണ്ട്. മദ്റസയിൽ പഠിച്ച ഒരു വിദ്യാർഥി മതകർമങ്ങൾ അനുഷ്ഠിക്കുന്നതോടൊപ്പം ജീവിതത്തിലുടനീളം ധാർമിക, സദാചാര നിയമങ്ങൾ മുറുകെപിടിക്കുകയും വേണം. ഇസ്‌ലാമിക പ്രബോധനത്തിൽ പ്രഭാഷണങ്ങളെക്കാൾ പ്രധാനം വ്യക്തികളുടെ ജീവിതമാണ്. ഇന്ത്യയിലെ ഇസ്‌ലാമിക പ്രചാരണരംഗത്ത് മുസ്‌ലിംകളുടെ വ്യക്തിത്വം വളരെ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. ഇസ്‌ലാമിക വ്യക്തിത്വം പ്രതിഫലിക്കുന്ന മുസ്‌ലിംകൾക്ക് മാത്രമെ വർത്താമാന കാലത്ത് ഇസ്‌ലാമിക പ്രബോധനം നിർവഹിക്കാൻ സാധ്യമാവുകയുള്ളൂ. മുസ്‌ലിം നവമുകുളങ്ങളുടെ ശിൽപികൾ എന്ന നിലയ്ക്ക് മദ്റസാ അധ്യാപകരുടെ ദൗത്യം വിലമതിക്കാനാവാത്തതാണ്.

ഡോ. ഷഹ്ബാസ് കെ. അബ്ബാസ്
shahbaskabbas7@gmail.com

നമുക്ക് ചുറ്റും




# വിദ്യാർഥികൾ വീണ്ടും ക്യാമ്പസുകളിലേക്ക്

ഏകദേശം ഒന്നര വർഷത്തെ ഇടവേളക്ക് ശേഷം വീണ്ടും ക്യാമ്പസുകൾ, മൊബൈൽ സ്ക്രീനുകളിൽനിന്നും നേരിട്ടുള്ള അധ്യാപനത്തിലേക്ക് ചുവടുവച്ചിരിക്കുന്നു. സെമിനാർ ഹാളുകളിൽനിന്നും വെബിനാർ ലിങ്കുകളിലേക്ക് ഉണ്ടായ മാറ്റം, ഒരുകണക്കിന് ലോകം മുഴുവനുമുള്ള വിജ്ഞാനത്തെയും അവസരങ്ങളെയും വിരൽത്തുമ്പുകളിൽ എത്തിക്കാനും സാങ്കേതികവിദ്യയുടെയും അറിവിന്റെയും പ്രവിശാലമായ ലോകം വിദ്യാർഥികൾക്ക് തുറന്നു നൽകാനും സഹായിച്ചിട്ടുണ്ട്.

എന്നാൽ മറുവശത്ത്, ഏകാന്തതയും അപ്രതീക്ഷിതമായ അരക്ഷിതാവസ്ഥയുമെല്ലാം ഒരുപാട് വിദ്യാർഥികളെ മാനസിക സമ്മർദത്തിലുമാക്കിയിട്ടുണ്ട്. ഇനി നമുക്ക് വേണ്ടത്, സക്രിയമായ ഒരു മാറ്റം ലക്ഷ്യം വെച്ചുകൊണ്ടുള്ള മൂല്യവത്തായ കലാലയ ജീവിതത്തിന്റെ വീണ്ടെടുപ്പിനായുള്ള പരിശ്രമങ്ങൾ തന്നെയാണ്.

യഥാർഥത്തിൽ, എന്തെല്ലാം പ്രതീക്ഷകളും പ്രത്യാശകളുമായിട്ടാണ് ഓരോ വിദ്യാർഥിയും തന്റെ ക്യാമ്പസിൽ പ്രവേശിക്കുന്നത്! കെജി മുതൽ പ്ലസ് ടു വരെയുള്ള നീണ്ട സ്കൂൾ ജീവിതത്തിനു ശേഷം, ചിലർ അതിനും ശേഷമുള്ള വിവിധങ്ങളായ എൻട്രൻസ് പരിശീലനങ്ങൾക്കുമെല്ലാമൊടുവിലാണ് തങ്ങൾ ഒരുപാട് സ്വപ്നം കണ്ട ക്യാമ്പസുകളിൽ എത്തിച്ചേരുന്നത്. അവനെ നന്മയിലേക്ക് വഴിനടത്തുന്ന, തിന്മകളോട് നോ പറയാൻ പഠിപ്പിക്കുന്ന, അവന്റെ സ്വഭാവരൂപീകരണത്തിനും സംസ്കാരവികാസത്തിനുമെല്ലാം അടിത്തറപാകേണ്ട 'ഇടമാണ്' ക്യാമ്പസ്.

എന്നാൽ, ഈയിടെയായി ക്യാമ്പസുകളിൽനിന്ന് കേൾക്കുന്ന വാർത്തകൾ അത്ര ശുഭകരമല്ല. പുരോഗമനത്തിന്റെയും ഉദാരതയുടെയും ബാനറിൽ തങ്ങൾക്ക് തോന്നിയതെന്തും ചെയ്യാനും ചെയ്യിക്കാനും മുന്നിൽ നിൽക്കുന്ന നേതാക്കളും വിദ്യാർഥി കൂട്ടായ്മകളുമാണ് ഇന്ന് ക്യാമ്പസിന്റെ മുഖമുദ്ര. ജാതിയുടെയും വംശത്തിന്റെയും വർഗത്തിന്റെയും പേരിൽ വിവേചനങ്ങളും അധിക്ഷേപങ്ങളും നേരിടേണ്ടിവരുന്ന, പാർട്ടിയുടെ കൊടിയുടെ നിറത്തിന്റെ വ്യത്യാസംകൊണ്ട് മാത്രം ശത്രുവിനെയും മിത്രത്തെയും വേർതിരിക്കുന്ന ലോകമായി ഇന്നത്തെ ക്യാമ്പസുകൾ മാറിയിരിക്കുന്നു.

പരിഹാരങ്ങൾ കാണേണ്ടവർ നമ്മൾ തന്നെയാണ്. രക്ഷിതാക്കൾക്കും അധ്യാപകർക്കും സമൂഹത്തിലെ ഓരോ പൗരനും തങ്ങളുടെതായ ഭാഗധേയം ഇതിൽ നിർവഹിക്കാനുണ്ട്. നന്മയിലധിഷ്ഠിതമായ ഗാർഹികാന്തരീക്ഷം സൃഷ്ടിക്കുന്നതിലും ചെറുപ്പത്തിൽതന്നെ കൃത്യമായ മതവിദ്യാഭ്യാസം നൽകുന്നതിലും മാതാപിതാക്കളും, ഒന്നാംവർഷം മുതൽ തന്നെ അവരെ പാഠ്യവിഷയങ്ങളോടൊപ്പം ഓരോ സന്ദർഭത്തിലും മാർഗദർശിയായി കൂടെയുണ്ടാവാൻ അധ്യാപകരും, തെറ്റായ ദിശയിലാണ് ക്യാമ്പസുകളുടെ സഞ്ചാരമെങ്കിൽ അവർക്ക് നേർവഴി കാണിക്കുവാൻ സമൂഹത്തിലെ ഓരോ വ്യക്തിയും ജാഗ്രത പുലർത്തേണ്ടതുണ്ട്.

മാറേണ്ടത് ഓരോ വിദ്യാർഥിയുംതന്നെയാണ്. കോവിഡ് കാലം അത്തരം ചില തിരിച്ചറിവുകളും ഉൾക്കാഴ്ചകളുമാണ് നമുക്ക് നൽകിയിട്ടുള്ളത്. നല്ല കൂട്ടുകെട്ടുകൾ മാത്രം തിരഞ്ഞെടുക്കുവാനും ക്യാമ്പസിലെ ഓരോ നിമിഷത്തെയും കൂടുതൽ ക്രിയാത്മകമാക്കുവാനും ഇഹപര വിജയത്തിന് അനുഗുണമാകുന്ന രൂപത്തിൽ ഈ നാലോ അഞ്ചോ വർഷത്തെ, നമ്മുടെ ജീവിതത്തിന്റെ ചുവരെഴുത്തുകളിൽ ആലേഖനം ചെയ്തുവെക്കുവാനും നമുക്ക് കഴിയേണ്ടതുണ്ട്. നാഥൻ അനുഗ്രഹിക്കട്ടെ.




GET IT ON Google Play | Download on the App Store

## പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 NOVEMBER 06

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

40 SHARJAH INTERNATIONAL BOOK FAIR

## ഷാർജാ ഇന്റർനാഷണൽ ബുക്ക്ഫെയറിൽ പ്രകാശനം ചെയ്യുന്നു




WISDOM BOOKS
**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244

### പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |